കോതമംഗലം രൂപത ബുള്ളറ്റിൻ

# ദൈവരാജ്യം

ആഗസ്റ്റ് 2021 വാല്യം 60 ലക്കം 8



"മറിയം കാരുണ്യപൂർണ്ണയാണ്
യഥാർത്ഥത്തിൽ കാരുണ്യത്തിന്റെ അമ്മയാണ്."
ക്ലയർവോയിലെ വി. ബർണാർഡ്



നാമഹേതുകതിരുനാൾ
ആഘോഷിക്കുന്ന
**മോൺ. പയസ് മലേക്കണ്ടത്തിലച്ചന്**
രൂപതാ കുടുംബത്തിന്റെ
പ്രാർത്ഥനാശംസകൾ

കോതമംഗലം രൂപത ബുള്ളറ്റിൻ

# ദൈവരാജ്യം

ആഗസ്റ്റ് 2021 വാല്യം 60 ലക്കം 8




## ഉള്ളടക്കം


5 വിശ്വാസപ്രഘോഷണം ജീവിതസാക്ഷ്യത്തിലൂടെ
10 സിനഡിന്റെ വിജയത്തിനായി പ്രാർത്ഥനാമാസം
12 ക്ഷേമനിധി ബോർഡിൽ അംഗത്വം
17 തടവറ പ്രേഷിതദിനം – സർക്കുലർ
23 ജസ്റ്റീസ് സൺഡേ – സർക്കുലർ
27 രൂപതക്കച്ചേരി
27 മൈനർ സെമിനാരി
28 വിജ്ഞാനഭവൻ
31 നെസ്റ്റ് അക്കാദമി ഓഫ് തിയോളജി
32 കോർപ്പറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി
34 നിർമ്മല സിവിൽ സർവീസ് അക്കാദമി
37 സോഷ്യൽ സർവീസ്
40 ചെറുപുഷ്പ മിഷൻലീഗ്
43 ഫാമിലി അപ്പോസ്തലേറ്റ്
44 പിതൃവേദി
44 മാതൃവേദി
46 മദ്യവിരുദ്ധ സമിതി
47 ഡി. എഫ്. സി.
47 യുവദീപ്തി – KCYM
48 ജീസസ് യൂത്ത്
52 കത്തോലിക്കാ കോൺഗ്രസ്
55 കേരള ലേബർ മൂവ്മെന്റ്
55 തിരുനാൾ മംഗളങ്ങൾ
56 രൂപതാദ്ധ്യക്ഷന്റെ ഡയറി
57 സന്യാസസമൂഹത്തിന്റെ പുതിയ സാരഥികൾ
57 നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം
58 നിര്യാതരായി


**Patron**

MAR GEORGE MADATHIKANDATHIL
(Bishop of Kothamangalam)

**Editor**

REV. FR. JOSE KULATHOOR

**Printer & Publisher**

REV. DR. GEORGE THEKKEKARA

The Eparchial Curia, Bishop's House, P.B. No. 6
Kothamangalam - 686 691
8281946306 bishophouseklm@gmail.com

## പള്ളിയിൽ അറിയിക്കുവാൻ


Page 5 വിശ്വാസപ്രഘോഷണം ജീവിത സാക്ഷ്യത്തിലൂടെ

Page 23 ജസ്റ്റീസ് സൺഡേ – സർക്കുലർ


## തിരുനാളുകൾ



**4**
വി. ജോൺ മരിയ വിയാനി



**6**
നമ്മുടെ കർത്താവിന്റെ രൂപാന്തരീകരണം



**8**
വി. ഡൊമിനിക്



**11**
വി. ക്ലാര




**14**
വി. മാക്സിമില്യൻ കോൾബെ




**15**
പ. ക. മറിയത്തിന്റെ സ്വർഗ്ഗാരോപണം



**21**
വി. പത്താം പീയൂസ് മാർപാപ്പ



**24**
വി. ബർത്തലോമിയോ



**28**
വി. അഗസ്റ്റിൻ



**29**
വി. എവുപ്രാസ്യ

# വിശ്വാസപ്രഘോഷണം ജീവിത സാക്ഷ്യത്തിലൂടെ

ദൈവകൃപയാൽ
കോതമംഗലം രൂപതയുടെ മെത്രാനായ
**മാർ ജോർജ് മഠത്തിക്കണ്ടത്തിൽ**
നമ്മുടെ രൂപതയിലെ വൈദികസഹോദരന്മാർക്കും
സന്യാസിനീസന്യാസികൾക്കും
അല്മായ വിശ്വാസികൾക്കും എഴുതുന്നത്

ഈശോയിൽ സ്നേഹം നിറഞ്ഞവരേ,

പരിശുദ്ധ ദൈവമാതാവിന്റെ സ്വർഗാരോപണത്തിരുനാളും വൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാളും ഭാരതത്തിന്റെ സ്വാതന്ത്ര്യദിനവും ആചരിക്കുന്ന ഓഗസ്റ്റ് മാസത്തിലേക്ക് നാം പ്രവേശിച്ചിരിക്കുകയാണ്. നമ്മുടെ മനസ്സുകളിൽ ആത്മീയ ഊർജ്ജവും അഭിമാനബോധവും നിറയ്ക്കുന്ന ഈ നല്ല ദിനങ്ങളുടെ മംഗളങ്ങളും പ്രാർത്ഥനകളും സ്നേഹപൂർവം നേരുന്നു. ഇത്തരം തിരുനാളുകളുടെയും ആഘോഷങ്ങളുടെയും പശ്ചാത്തലത്തിൽ നമ്മുടെ ആത്മീയ ജീവിതത്തെയും പൊതുജീവിതത്തെയും വ്യക്തിപരമായ ജീവിത സാഹചര്യങ്ങളെയും ആത്മാർത്ഥമായ ആത്മശോധനയ്ക്ക് വിധേയമാക്കാം. പരിശുദ്ധ അമ്മയും വി. ജോൺ മരിയ വിയാനിയും തങ്ങളുടെ വിശുദ്ധമായ ജീവിതസാക്ഷ്യംകൊണ്ട് തിരുസഭയെ ആത്മീയമായി ശക്തിപ്പെടുത്തുന്നവരാണ്. സ്വാതന്ത്ര്യത്തിനുവേണ്ടി ധീരരക്തസാക്ഷികളായവർ തങ്ങളുടെ ജീവിതത്തിൽ ഉയർത്തിപ്പിടിച്ച ജീവിതബോധ്യങ്ങൾക്കുവേണ്ടി ശക്തമായ നിലപാടുകളെടുത്തവരാണ്. അതായത്, സാഹചര്യം ഏതായാലും ജീവിതംകൊണ്ട് സാക്ഷ്യം നൽകുന്നവരാണ് മാതൃകകളായി അംഗീകരിക്കപ്പെടുന്നത്. പ്രതികൂല സാഹചര്യങ്ങളിലും ജീവിതസാക്ഷ്യംകൊണ്ട് വചനം പ്രഘോഷിച്ചവരാണ് അപ്പസ്തോലന്മാരും ആദിമക്രൈസ്തവരും. പിതാവായ ദൈവം പുത്രനായ ഈശോമിശിഹായിലൂടെ നമുക്കു നൽകിയതും തിരുസഭയിലൂടെ കൈമാറ്റം ചെയ്യപ്പെടുന്നതുമായ സുവിശേഷമൂല്യങ്ങളും ആത്മീയ ബോധ്യങ്ങളും ഈ കാലഘട്ടത്തിൽ നമ്മുടെ ജീവിതസാക്ഷ്യത്തിലൂടെ അനേകരിലേക്ക് എത്തിക്കാൻ സാധി

ക്കണം. "ആത്മാവില്ലാത്ത ശരീരം മൃതമായിരിക്കുന്നതുപോലെ പ്രവൃത്തികൂടാതെയുള്ള വിശ്വാസവും മൃതമാണ്" (യാക്കോ. 2: 26). വി. യാക്കോബ് ശ്ലീഹ നൽകുന്ന ഈ മുന്നറിയിപ്പ് വിശ്വാസപ്രഘോഷണം പ്രവൃത്തികളിലും അനുദിനജീവിതസാഹചര്യങ്ങളിലും എത്രമാത്രം പ്രാധാന്യമുള്ളതാണെന്ന് വ്യക്തമാക്കുന്നതാണ്.

സഭാപിതാക്കന്മാരുടെയും ധീരരക്തസാക്ഷികളുടെയും വിശുദ്ധാത്മാക്കളുടെയും ജീവിതസാക്ഷ്യത്തിന്റെ അടിസ്ഥാനത്തിലാണ് സഭ വളർന്നത്. ആദ്യനൂറ്റാണ്ടുമുതലുള്ള സഭയുടെ ചരിത്രം ഇത് വ്യക്തമാക്കുന്നു. ആദിമസഭയിലെ അംഗങ്ങളും നേതൃസ്ഥാനത്തുണ്ടായിരുന്നവരും അനിതരസാധാരണമായ ജീവിതമാതൃകകൊണ്ട് ചുറ്റുമുള്ളവരെ പ്രചോദിപ്പിച്ചിരുന്നു. അവരുടെ പ്രഭാഷണമോ മറ്റ് ആശയവിനിമയസിദ്ധികളോ മാത്രമായിരുന്നില്ല അനേകരെ അവരിലേക്ക് ആകർഷിച്ചത്. മറിച്ച്, ദൈവസ്നേഹവും പ്രാർത്ഥനയും കൂട്ടായ്മയുമായിരുന്നു അവരുടെ ജീവിതത്തിന്റെ അടിസ്ഥാനം. "അവർ അപ്പസ്തോലന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പംമുറിക്കൽ, പ്രാർത്ഥന എന്നിവയിൽ സദാ താല്പര്യപൂർവം പങ്കെടുത്തു" (അപ്പ. 2:42). ആദിമസഭയുടെ മാതൃകാപരവും സഹോദരസ്നേഹത്തിൽ ആഴപ്പെട്ടതുമായ ഈ ജീവിതമാതൃക അനേകർക്ക് ആത്മീയ ഉണർവ്വിന് കാരണമായി. ഇത്തരത്തിൽ ക്രിസ്തീയമാതൃകയുടെ വക്താക്കളാകാനുള്ള ഉത്തരവാദിത്വം ഈ കാലഘട്ടത്തിൽ നമുക്കുണ്ട് എന്ന് മറക്കാതിരിക്കാം.

ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ വിശ്വാസദീപവുമായി ചെന്നെത്തിയ മിഷനറിമാരുടെ ശൈലിയും മറ്റൊന്നായിരുന്നില്ല. വിശുദ്ധവും ത്യാഗനിർഭരവുമായ ജീവിതംകൊണ്ട് അനേകരെ ഈശോയിലേക്കും അവിടുത്തെ മൗതികശരീരമായ തിരുസഭയിലേക്കും ആകർഷിക്കാൻ അവർക്ക് സാധിച്ചു. വി. ഫ്രാൻസിസ് സേവ്യറും ഫാ. ഡാമിയനും, സമാനതകളില്ലാത്ത ജീവിതസാക്ഷ്യത്തിനുടമയായ വി. മദർ തെരേസായും നമ്മുടെ മുന്നിൽ വെല്ലുവിളിയായി നിലകൊള്ളുകയാണ്. വി. മദർ തെരേസായുടെ മൃതസംസ്കാരശുശ്രൂഷയോടനുബന്ധിച്ച് കൽക്കട്ടയുടെ തെരുവോരങ്ങളിൽ പലയിടങ്ങളിലും പ്രത്യക്ഷപ്പെട്ട ചുവരെഴുത്ത് ഇപ്രകാരമായിരുന്നു; 'We lost our Mother' (ഞങ്ങൾക്ക് ഞങ്ങളുടെ അമ്മയെ നഷ്ടപ്പെട്ടു). വികാരനിർഭരവും ഹൃദയസ്പർശിയുമായ ഈ വാക്കുകൾ ക്രിസ്തീയ സ്നേഹത്തിന്റെ സജീവസാക്ഷ്യത്തിന് പൊതുസമൂഹം നൽകുന്ന അംഗീകാരമാണ്.

വിശ്വാസത്തിന് ജീവിതംകൊണ്ട് സാക്ഷ്യം നൽകുന്ന അനേകരെ നമ്മുടെ സമൂഹത്തിലും കാണാനാകും. സുവിശേഷമൂല്യങ്ങൾക്കുവേണ്ടി ജീവിതം സമർപ്പിച്ചവരും ത്യാഗപൂർണ്ണമായ സാഹചര്യങ്ങളെ സന്തോഷത്തോടെ ഏറ്റെടുക്കുന്നവരും നമ്മുടെ ഇടയിലുണ്ട്. മാനസികമായും ശാരീരികമായും വെല്ലുവിളി നേരിടുന്നവരെ പരിചരിക്കുന്നവരും വൃദ്ധരായ മാതാപിതാക്കന്മാരെ ത്യാഗപൂർവം കരുതുന്നവരും സുവിശേഷത്തിന്റെ പ്രേഷിതമുഖം സമൂഹത്തിന് മുമ്പിൽ പ്രതിഫലിപ്പിക്കുന്നവരാണ്. പ്രായമായവരും രോഗികളുമായ മാതാപിതാക്കന്മാരെ ശുശ്രൂഷിക്കാനും അവരുടെ കൂടെയായിരിക്കാനുമായി വിദേശത്തും നാട്ടിലുമുള്ള ജോലിയും മറ്റു സൗകര്യങ്ങളും ഉപേക്ഷിച്ചുവരുന്ന അനേകം മക്കളുണ്ട്. ഇങ്ങനെയുള്ളവരെയാണ് ജീവിതംകൊണ്ട് സുവിശേഷം പ്രഘോഷിക്കുന്നവരുടെ ഗണത്തിൽപെടുത്താൻ സാധിക്കുന്നത്. പ്രേഷിതപ്രവർത്തനത്തിന്റെ ഈ ശൈലിയാണ് ആധുനികലോകത്തിന് മുമ്പിൽ നാം പ്രകടമാക്കേണ്ടത്. അതായത്, പ്രഘോഷണത്തിന്റെ ആധികാരികത പ്രവൃത്തികളിൽ അധിഷ്ഠിതമായിരിക്കണം. ഇനി മുതൽ എല്ലാ വർഷവും ജൂലൈ മാസത്തിലെ നാലാമത്തെ ഞായർ മുത്തശ്ശീമുത്തച്ഛന്മാരെയും പ്രായമായവരെയും പ്രത്യേകം ഓർക്കാനുള്ള ദിനമായി (Grand Parents and Elders Day) ആചരിക്കണമെന്ന് ഫ്രാൻസിസ് മാർപാപ്പ ആഹ്വാനം ചെയ്തിരിക്കുന്നത് ഈ സാഹചര്യത്തിൽ ശ്രദ്ധേയമാണ്. 'ആധുനികലോകം ശ്രദ്ധിക്കുന്നത് പറഞ്ഞു പഠിപ്പിക്കുന്നവരെയല്ല, മറിച്ച് ജീവിതംകൊണ്ട് സാക്ഷ്യം നൽകുന്നവരെയാണ് (EN 41)' എന്ന പോൾ ആറാമൻ മാർപാപ്പായുടെ വാക്കുകൾ നാം ജീവിക്കുന്ന സാഹചര്യത്തിൽ ഏറെ പ്രസക്തമാണ്. നമ്മുടെ സുവിശേഷപ്രഘോഷണത്തിന്റെ ആധികാരികത കാരുണ്യപ്രവൃത്തികളിൽ അധിഷ്ഠിതമായിരിക്കട്ടെ.

ജീവിതംകൊണ്ട് സുവിശേഷം പ്രഘോഷിക്കുന്ന ശൈലി നമ്മുടെ കുഞ്ഞുങ്ങൾ പഠിക്കേണ്ടത് കുടുംബങ്ങളിൽ നിന്നാണ്. മാതാപിതാക്കളുടെ ജീവിതസാക്ഷ്യങ്ങളാണ് മക്കളുടെ മൂല്യബോധത്തിന്റെയും ധാർമ്മിക നിലപാടുകളുടെയും അടിസ്ഥാനം. നാം പരമ്പരാഗതമായി തുടർന്നുപോരുന്ന വിശുദ്ധമായ ശീലങ്ങളും ആചാരാനുഷ്ഠാനങ്ങളും ഭക്തകൃത്യങ്ങളും കൃത്യതയോടെ പരിശീലിക്കാനുള്ള അനുകൂലസാഹചര്യം കുടുംബങ്ങളിൽ ഒരുക്കാൻ മാതാപിതാക്കൾക്ക്

കടമയുണ്ട്. കുടുംബനാഥന്റെ നേതൃത്വത്തിൽ കുടുംബാംഗങ്ങൾ ഒരുമിച്ചുള്ള സന്ധ്യാപ്രാർത്ഥന, വചനവായന, മാതാപിതാക്കൾക്കും മുതിർന്നവർക്കും സ്തുതി ചൊല്ലുന്നത്, ഒരുമിച്ചുള്ള ഭക്ഷണം ഇവയെല്ലാം ഒരു നല്ല തലമുറയെ രൂപപ്പെടുത്തിയെടുക്കുന്നതിൽ സുപ്രധാന പങ്കുവഹിക്കുന്ന ആത്മീയ ഘടകങ്ങളാണ്.

കൊറോണ വൈറസിന്റെ വ്യാപനം മൂലം രണ്ടുവർഷത്തോളമായി അസാധാരണമായ ജീവിത സാഹചര്യത്തിലൂടെ നാം കടന്നുപോവുകയാണ്. ഇത്തരം കടുത്ത പ്രതിസന്ധിയുടെ നടുവിലാണ് നമ്മുടെ വിശ്വാസത്തിന്റെ ആഴം പരിശോധിക്കപ്പെടുന്നത്. ഭീതിയും ആകുലതയും പലവിധത്തിൽ പടരുന്ന ഇക്കാലത്ത് ദൈവസ്നേഹം മനസ്സിൽ നിറച്ച് സഹോദരങ്ങൾക്കുവേണ്ടി ശുശ്രൂഷചെയ്യാൻ സന്നദ്ധരായ അനേകരുണ്ട്. ആതുരാലയങ്ങളിൽ അഹോരാത്രം ശുശ്രൂഷ ചെയ്യുന്ന സന്യാസിനിമാർ ഉൾപ്പെടെയുള്ള ആരോഗ്യപ്രവർത്തകർ, രോഗവ്യാപനത്തിന്റെ വിവിധ ഘട്ടങ്ങളിൽ ഊർജ്ജ്വസ്വലതയോടെ സേവനനിരതരായ യുവജനങ്ങൾ, അല്മായ സഹോദരങ്ങൾ ഇവരെല്ലാം സുവിശേഷത്തിന്റെ ജീവിക്കുന്ന സാക്ഷ്യങ്ങളാണ്. "എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇത് ചെയ്തു കൊടുത്തപ്പോൾ എനിക്കു തന്നെയാണ് ചെയ്തത്" (മത്താ. 25:40). ഈശോയുടെ ഈ വചനം ഇവരിൽ അന്വർത്ഥമാകുന്നു.

പ്രേഷിതദൗത്യത്തിന്റെ സുപ്രധാനമായ മറ്റൊരു തലമാണ് മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുക എന്നത്. വിശ്വാസത്തിന്റെ സാമൂഹ്യമാനം പ്രകാശിതമാകുന്നത് മദ്ധ്യസ്ഥപ്രാർത്ഥനയിലാണ്. നമ്മുടെ പ്രാർത്ഥനകളും കൗദാശിക ജീവിതവും പുണ്യപ്രവൃത്തികളും നമുക്കും ലോകംമുഴുവനും അനുഗ്രഹമായി മാറും. ദൈവസ്നേഹത്തെപ്രതി നാം ചെയ്യുന്ന ഓരോ നന്മപ്രവൃത്തിയും സ്വർഗത്തിൽ വിലപ്പെട്ട സമ്പാദ്യമായി കൂട്ടിച്ചേർക്കപ്പെടും. നിത്യജീവിതത്തെക്കുറിച്ചുള്ള പ്രത്യാശയിൽ മുന്നോട്ടുപോകാൻ ഇതു നമ്മെ സഹായിക്കും. ലോകം മുഴുവനും വേണ്ടി പ്രാർത്ഥിക്കാനുള്ള നമ്മുടെ ഉത്തരവാദിത്വം മനസ്സിൽ സൂക്ഷിച്ചുകൊണ്ട് നമ്മുടെ മാതൃരാജ്യത്തെ ദൈവതിരുമുമ്പിൽ സമർപ്പിക്കാം. വൈദേശികാധിപത്യത്തിൽ നിന്നും ഭാരതം സ്വതന്ത്രമായെങ്കിലും പലതരത്തിലുള്ള അടിമത്തം ഇന്നും നിലനിൽക്കുന്നുണ്ട്. വർഗീയ ചിന്തകളും സ്വജനപക്ഷപാതവും അഴിമതിയും സമൂഹത്തിന്റെ വിവിധ തുറകളിൽ ശക്തിപ്പെടുന്നത് ആശങ്കാജനകമാണ്. തിന്മയുടെ

ഇത്തരം ബന്ധനങ്ങളിൽ നിന്നും സ്വാതന്ത്ര്യം നേടണമെങ്കിൽ ധാർമ്മികചിന്തയും മൂല്യബോധവും വികസനകാഴ്ചപ്പാടുമുള്ള നല്ല നേതാക്കൾ കടന്നുവരണം. അവരുടെ നന്മനിറഞ്ഞ ജീവിതസാക്ഷ്യം നാടിന്റെ സമഗ്രവികസനത്തിന് കാരണമാകും. ഇത്തരം നല്ല നേതാക്കന്മാരെ കണ്ടെത്താനും പ്രോത്സാഹിപ്പിക്കാനുമുള്ള ഉത്തരവാദിത്വം പൗരന്മാരെന്ന നിലയിൽ നമുക്കെല്ലാവർക്കുമുണ്ട്. സമ്പത്തുള്ളവർ അതിസമ്പന്നരായും പാവപ്പെട്ടവർ തീർത്തും ദരിദ്രരായിത്തീരുന്ന സാമൂഹ്യസാഹചര്യത്തിന് മാറ്റം വരേണ്ടതുണ്ട്. "ഒരു രാജ്യത്തെ ഏറ്റവും പാവപ്പെട്ടവന്റെ ക്ഷേമമാണ് ആ രാജ്യത്തിന്റെ ക്ഷേമം." ഗാന്ധിജിയുടെ ഈ വാക്കുകൾ സമഗ്രവികസനം എന്ന ആശയത്തിന്റെ ആവശ്യകതയിലേക്ക് വിരൽ ചൂണ്ടുന്നുണ്ട്. "എന്റെ ജീവിതമാണ് എന്റെ സന്ദേശം" എന്നു പറഞ്ഞ നമ്മുടെ രാഷ്ട്രപിതാവ് ജീവിതസാക്ഷ്യത്തിന്റെ ഉത്തമമാതൃകയാണ്.

ക്രിസ്ത്യാനിയെ കാണുന്നവർ ക്രിസ്തുവിനെ കാണണം. ഇത് സാധ്യമാകണമെങ്കിൽ സുവിശേഷത്തിലെ ഈശോയെ വാക്കുകൊണ്ടും പ്രവൃത്തികൊണ്ടും അനുകരിക്കാനും അനുഗമിക്കാനും സാധിക്കണം. വിശ്വാസപരിശീലനത്തിലൂടെയും വിശ്വാസപ്രഘോഷണത്തിലൂടെയും ആഴപ്പെടുന്ന ആത്മീയബോധ്യങ്ങളും ജീവിതനിലപാടുകളും വിശുദ്ധമായ ജീവിതസാക്ഷ്യംകൊണ്ട് ഫലദായകമാക്കാൻ നമുക്ക് പരിശ്രമിക്കാം. ദൈവകരുണയിൽ ആശ്രയിച്ചും ദൈവസ്നേഹത്തിൽ അടിസ്ഥാനമുറപ്പിച്ചും നമുക്ക് മുന്നോട്ട് നീങ്ങാം.

കുടുംബങ്ങളുടെ സംരക്ഷകയും മാതാവുമായ പരിശുദ്ധ കന്യാമറിയത്തിന്റെ വിമലഹൃദയത്തിന് നിങ്ങളെ സമർപ്പിച്ചുകൊണ്ട് പിതാവിന്റെയും ✠ പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ ഏവരേയും ഞാൻ ഹൃദയപൂർവം ആശീർവദിക്കുന്നു.

എന്ന്,

കോതമംഗലം മെത്രാസനമന്ദിരത്തിൽ നിന്ന്

**മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ**

കോതമംഗലം രൂപതാദ്ധ്യക്ഷൻ

---

NB: 2021 ആഗസ്റ്റ് 8-ാം തീയതി ഞായറാഴ്ച ഈ ഇടയലേഖനം നമ്മുടെ രൂപതയിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും ദിവ്യബലി മദ്ധ്യേ വായിക്കേണ്ടതാണ്.

# സർക്കുലർ

## സിനഡിന്റെ വിജയത്തിനായി പ്രാർത്ഥനാമാസം

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

സീറോമലബാർ സഭയിലെ മെത്രാന്മാരുടെ 29-ാം സിനഡിന്റെ രണ്ടാം സമ്മേളനം 2021 ഓഗസ്റ്റ് 16 മുതൽ 27 വരെ തീയതികളിൽ ഓൺലൈനായി നടക്കുകയാണ്. കേരളത്തിലെ 13 രൂപതകളിലെയും കേരളത്തിനു പുറത്ത് ഇന്ത്യയിലുള്ള 18 രൂപതകളിലെയും ഇന്ത്യയ്ക്കു വെളിയിലുള്ള 4 രൂപതകളിലെയും യൂറോപ്പിലെ അപ്പസ്തോലിക് വിസിറ്റേഷനിലെയും 46 മെത്രാന്മാരും റിട്ടയർ ചെയ്ത 16 മെത്രാന്മാരും ഉൾപ്പെടെ 62 പേരാണ് സിനഡിൽ സംബന്ധിക്കുന്നത്.

കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ 2020 ഓഗസ്റ്റിലും 2021 ജനുവരിയിലും ഓൺലൈനായിട്ടാണ് സിനഡുസമ്മേളനങ്ങൾ നടന്നത്. കോവിഡ് പകർച്ചവ്യാധിമൂലമുള്ള യാത്രാ നിയന്ത്രണങ്ങൾ കർശനമായി തുടരുന്നതിനാലാണ് ഇത്തവണയും സിനഡ് ഓൺലൈനായി നടത്താൻ തീരുമാനമായിരിക്കുന്നത്.

നമ്മുടെ സഭയുടെ നവീകരിക്കപ്പെട്ട കുർബാനക്രമത്തിനു പരിശുദ്ധ സിംഹാസനം അംഗീകാരം നൽകിയിട്ടുണ്ട്. പുതുക്കിയ കുർബാനക്രമം നടപ്പിൽ വരുന്നതോടൊപ്പം നമ്മുടെ എല്ലാ രൂപതകളിലും സമർപ്പിത ഭവനങ്ങളിലും ഒരേ രീതിയിൽ വിശുദ്ധ കുർബാന അർപ്പിക്കണമെന്ന് 2021 ജൂലൈ 3-ന് പുറപ്പെടുവിച്ച തിരുവെഴുത്തിലൂടെ പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പാ പ്രത്യേകമായ ആഹ്വാനം നൽകിയിട്ടുണ്ടല്ലോ. പരിശുദ്ധ പിതാവിന്റെ ഈ ആഹ്വാനം നടപ്പിൽ വരുത്തുന്നതിനുള്ള തീയതി ആഗസ്റ്റു മാസത്തിലെ സിനഡിൽ തീരുമാനിക്കുന്നതാണ്. നമ്മുടെ സഭയിൽ എല്ലാ തലങ്ങളിലും പൂർണ്ണമായ ഐക്യം കൈവരുന്നതിനും സഭയുടെ പ്രേഷിത ചൈതന്യം പരിപോഷിപ്പിക്കുന്നതിനും ഉപയുക്തമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിന് എല്ലാവരുടെയും പ്രാർത്ഥന അഭ്യർത്ഥിക്കുന്നു.

അതിനായി, 2021 ജൂലൈ മാസം 27 മുതൽ സിനഡു സമാപിക്കുന്ന ഓഗസ്റ്റ് 27 വരെ നീണ്ടുനിൽക്കുന്ന ഒരു മാസത്തെ പ്രാർത്ഥനാചരണത്തിനായി ഏവരെയും ആഹ്വാനം ചെയ്യുന്നു. ഈ ഒരു മാസ

ത്തിലെ വെള്ളിയാഴ്ചകളിൽ സാധിക്കുന്നവരെല്ലാം ഉപവാസമെടുക്കുന്നതും ഉചിതമായിരിക്കും.

സീറോമലബാർ സഭയ്ക്കു പ്രത്യേകമായി എഴുതിയ കത്തിൽ തനിക്കുവേണ്ടി പ്രാർത്ഥിക്കണമെന്നു പരിശുദ്ധ പിതാവ് അഭ്യർത്ഥിച്ചിരുന്നല്ലോ. അടുത്തകാലത്ത് ഒരു ശസ്ത്രക്രിയയ്ക്ക് വിധേയനായ പരിശുദ്ധ പിതാവ് എത്രയും വേഗം ആരോഗ്യം പൂർണ്ണമായും വീണ്ടെടുക്കുന്നതിനും സാർവ്വത്രികസഭയിലെ നേതൃത്വ ശുശ്രൂഷ ഫലപ്രദമായി തുടർന്നും നിർവഹിക്കുന്നതിനും വേണ്ടി നമുക്കു പ്രത്യേകം പ്രാർത്ഥിക്കാം.

പരിശുദ്ധ കന്യകാമറിയത്തിന്റെയും വി. യൗസേപ്പിതാവിന്റെയും ഭാരതത്തിന്റെ അപ്പസ്തോലനായ മാർ തോമ്മാശ്ലീഹായുടെയും നമ്മുടെ സഭയിലെ വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും പ്രാർത്ഥനയാൽ നമ്മുടെ സഭ മുഴുവനിലും പ്രത്യേകിച്ചു സിനഡു സമ്മേളനത്തിലും ദൈവത്തിന്റെ കാരുണ്യവും അനുഗ്രഹവും വർഷിക്കപ്പെടാൻ ഇടയാകട്ടെ.

ഈശോയിൽ സ്നേഹപൂർവം,

**കർദിനാൾ ജോർജ് ആലഞ്ചേരി**
സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്

# ക്ഷേമനിധി ബോർഡിൽ അംഗത്വം

**കേരള സർക്കാരിന്റെ 2019-ലെ കർഷക ക്ഷേമനിധി ആക്ടിനാൽ സ്ഥാപിതമായ കർഷക ക്ഷേമനിധി ബോർഡിൽ അർഹരായ ചെറുകിട - നാമമാത്ര കർഷകർക്ക് അംഗത്വം നേടുന്നതിന് സഹായകരമായ വിവരങ്ങൾ ജനങ്ങൾക്ക് നല്കുന്നതിനുവേണ്ടി കെ.സി.ബി.സി. ജസ്റ്റിസ് പീസ് ആൻഡ് ഡവലപ്മെന്റ് കമ്മീഷൻ, ലേബർ കമ്മീഷൻ, ഇൻഫാം എന്നിവയുടെ ചെയർമാന്മാർ ചേർന്ന് പുറപ്പെടുവിക്കുന്ന സർക്കുലർ**

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

കാർഷികവൃത്തിയെ വളരെ ഉത്കൃഷ്ടമായ ഒരു ഉപജീവന മാർഗ്ഗമായി പരിഗണിക്കുന്നതും അന്നം നല്കുന്ന കർഷകനെ ആദരിക്കുന്നതുമാണ് കേരള സംസ്കാരം. എന്നാൽ കർഷക ജനതയുടെ നിലനില്പും സുരക്ഷയും പല കാരണങ്ങളാൽ ഭീഷണിയിലാണ്. ആപത്കരമായ ഈ പ്രവണതയ്ക്ക് മാറ്റം ഉണ്ടാകണം. ലോകമാസകലം ചർച്ചയ്ക്ക് വിഷയീഭവിച്ച ഫ്രാൻസിസ് മാർപാപ്പായുടെ അതിമനോഹരമായ ചാക്രികലേഖനം 'ലൗദാത്തോ സി'യുടെ അഞ്ചാം വർഷത്തിൽ കേരളസഭയും കാർഷിക ആഭിമുഖ്യത്തിൽ കൂടുതൽ ഊർജ്ജസ്വലതയോടെ മുന്നേറാൻ ആഗ്രഹിക്കുന്നു. കൃഷിയെ സഭയുടെ ഒരു പ്രേഷിത പ്രവർത്തനമായി കാണണം. കർഷകന് അർഹമായ അവകാശങ്ങളും ആനുകൂല്യങ്ങളും ക്ഷേമപദ്ധതികളും ലഭിക്കുന്നുവെന്ന് സർക്കാരും സമൂഹവും ഉറപ്പാക്കണം. അതിനുതകുന്ന ഒരു അവസരമായാണ് കേരള സർക്കാരിന്റെ പുതിയ കർഷക ക്ഷേമനിധി ബോർഡിനെ സഭ കാണുന്നത്.

കേരള സംസ്ഥാനത്ത് കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകരുടെ ക്ഷേമത്തിനും അവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും നല്കുന്നതിനായും കാർഷിക വൃത്തിയിലേക്ക് യുവതലമുറയെ ആകർഷിക്കുന്നതിനായും കർഷക ക്ഷേമനിധി ബോർഡ് വഴി നടപ്പാക്കുന്ന കർഷക പെൻഷൻ പദ്ധതിയിൽ അപേക്ഷിക്കാവുന്നതാണ്. ക്ഷേമനിധിയിൽ അംഗങ്ങളാകുന്നവർക്ക് 60 വയസ്സിനു ശേഷം പ്രതിമാസം ചുരുങ്ങിയത് 5000/- രൂപാ പെൻഷൻ നല്കാനാണ്

ബോർഡ് ഉദ്ദേശിക്കുന്നത്. അഞ്ച് വർഷത്തിൽ കുറയാതെ അംശാദായം അടച്ചവർക്ക് 60 വയസ്സ് തികയുമ്പോൾ അംശാദായത്തിന്റെയും വർഷത്തിന്റെയും അടിസ്ഥാ നത്തിലായിരിക്കും പെൻഷൻ. ക്ഷേമനിധി ബോർഡിൽ അംഗത്വപ്ര ക്രിയ പൂർണ്ണമായാൽ കർഷകർക്ക് സർക്കാർ ഇപ്പോൾ നല്കുന്ന പ്രതിമാസ കർഷകപെൻഷൻ ഈ ബോർഡ് വഴിയാകും വിതരണം ചെയ്യുക. തൃശ്ശൂർ ആസ്ഥാനമായി കർഷക ക്ഷേമനിധി ബോർഡ് പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. (ഫോൺ നമ്പർ: 0487-2320500). കർഷകർക്കെല്ലാം വളരെ ആശ്വാസവും ആവേശവും പകരുന്ന പദ്ധതി യാകും ഇതെന്ന് കരുതുന്നു.

കേരള സർക്കാർ 2019 ഡിസംബർ 20-ന് പുറപ്പെടുവിച്ച ഗസറ്റ് വിജ്ഞാപനത്തിൽ പ്രതിപാദിച്ചിട്ടുള്ള ചില കാര്യങ്ങൾ നിങ്ങളുടെ അറിവിലേക്കായി ചുവടെ ചേർക്കുന്നു: കൂടുതൽ വിവരങ്ങൾക്ക് വെബ്സൈറ്റ് സന്ദർശിക്കേണ്ടതാണ്. (www.kfwfb.kerala.gov.in)

**(1) ആരാണ് കർഷകൻ?**

സ്വന്തമായോ വാക്കാൽ പാട്ടത്തിനോ സർക്കാർ പാട്ടഭൂമിയിലോ കൃഷി ചെയ്യുന്നവർ. അഞ്ച് സെന്റ് മുതൽ 15 ഏക്കർ വരെയുള്ള ഭൂമിയിൽ കൃഷി ചെയ്യുന്നവർ. എന്നാൽ റബ്ബർ, കാപ്പി, തേയില, ഏലം എന്നീ തോട്ടവിളകളുടെ കാര്യത്തിൽ പരിധി ഏഴര ഏക്കറാണ്. കൃഷി പ്രധാന ഉപജീവന മാർഗമായി സ്വീകരിച്ചിട്ടുള്ളവർ. പ്രതിവർഷം അഞ്ച് ലക്ഷം രൂപയിൽ കവിയാത്ത വരുമാനമുള്ളവർ. മൂന്നു വർഷത്തിൽ കുറയാതെ കൃഷി ചെയ്യുന്നവർ. ഇവർക്ക് ക്ഷേമനിധിയിൽ അംഗ ങ്ങളാകാം.

**(2) ഏതെല്ലാം കൃഷികൾ?**

നെൽകൃഷി, ഉദ്യാനകൃഷി, കന്നുകാലി വളർത്തൽ (ക്ഷീര കർഷകർ), ഫലവൃക്ഷങ്ങൾ, പച്ചക്കറി, വാഴ, ഇഞ്ചി, കപ്പ അടക്കമുള്ള കിഴങ്ങുവർഗങ്ങൾ, മൂല്യ വർദ്ധിത ഉത്പന്നങ്ങൾ ഉണ്ടാക്കുന്നവർ, തീറ്റപ്പുല്ല് കൃഷി ചെയ്യുന്നവർ, വൃക്ഷങ്ങൾ നട്ടുവളർത്തൽ, മത്സ്യം, അലങ്കാരമത്സ്യം, ചിപ്പി, കക്ക, തേനീച്ച, പട്ടുനൂൽ പുഴു, കോഴി, താറാവ്, ആട് കൃഷി ഉൾപ്പെടെ എല്ലാം.

### (3) ആർക്കെല്ലാം അംഗത്വം?

18 മുതൽ 55 വരെ വയസ്സുള്ള ഏതൊരു കർഷകനും അംഗമായി രജിസ്റ്റർ ചെയ്യാം. ഓരോ കർഷകനും പ്രതിമാസം കുറഞ്ഞത് നൂറു രൂപ അടയ്ക്കണം. ഇതിലേക്ക് അടയ്ക്കുന്ന തുകയ്ക്ക് ആനുപാതികമായി പ്രതിമാസം പരമാവധി 250/- രൂപ സർക്കാർ വിഹിതമായി വരും. അർധവാർഷികമായോ വർഷത്തിൽ ഒരിക്കലോ സൗകര്യം പോലെ അടയ്ക്കാം. കൂടുതൽ തുകയും അടയ്ക്കാവുന്നതാണ്. കർഷകർക്ക് സ്മാർട്ട് ഫോണിലൂടേയോ കമ്പ്യൂട്ടർ വഴിയോ നേരിട്ട് ഓൺലൈനായി രജിസ്റ്റർ ചെയ്യാനും വിഹിതം അടയ്ക്കാനും വിവരങ്ങൾ അറിയാനുമുള്ള പോർട്ടൽ സംവിധാനവും ഉണ്ടാകും. അക്ഷയ കേന്ദ്രങ്ങളിലും സേവനം ലഭ്യമാകും.

### (4) അംഗമാകുവാൻ ആവശ്യമായ രേഖകൾ എന്തെല്ലാം?

(a) കർഷകരാണെന്ന് തെളിയിക്കുന്ന സാക്ഷ്യപത്രം:

* ക്ഷീര കർഷകരാണെങ്കിൽ ഡയറി എക്സ്റ്റൻഷൻ ഓഫീസറുടെ സർട്ടിഫിക്കറ്റ് വാങ്ങണം.
* ആട്, കോഴി, താറാവ് എന്നീ കർഷകർ വെറ്ററിനറി ഡോക്ടറുടെ സർട്ടിഫിക്കറ്റ് വാങ്ങണം.
* മത്സ്യകൃഷി നടത്തുന്നവർ ഫിഷറീസ് ഇൻസ്പെക്ടറുടെ സർട്ടിഫിക്കറ്റ് വാങ്ങണം.
* മൂല്യ വർദ്ധിത ഉത്പന്നങ്ങൾ ഉണ്ടാക്കുന്നവർ താലൂക്ക് ഇൻഡസ്ട്രീസ് ഓഫീസറുടെ സർട്ടിഫിക്കറ്റ് വാങ്ങണം.

(b) അഞ്ച് ലക്ഷത്തിൽ താഴെയുള്ള വരുമാന സർട്ടിഫിക്കറ്റ്, ബാങ്ക് പാസ്ബുക്കിന്റെ പകർപ്പ്

(c) ആധാർ പകർപ്പ്

(d) വയസ്സ് തെളിയിക്കുന്നതിന് രേഖയായി ഐഡന്റിറ്റി കാർഡ് / എസ് എസ് എൽ സി ബുക്ക് കോപ്പി

(e) കരം അടച്ച രസീത്

(f) രണ്ട് പാസ്പോർട്ട് സൈസ് ഫോട്ടോ

(g) രജിസ്ട്രേഷൻ ഫീസ് 100/- രൂപ

**(5) അംഗത്വ കാർഡ്:**

വില്ലേജ് ഓഫീസർ, കൃഷി ഓഫീസർ എന്നിവർ ആവശ്യമായ പരിശോധനകൾ നടത്തി വിവരങ്ങൾ ശരിയാണെന്നു കണ്ടെത്തിക്കഴിഞ്ഞാൽ അംഗത്വം ലഭിക്കുന്നവർക്ക് അംഗത്വ കാർഡ് നൽകും.

**(6) ആനുകൂല്യങ്ങൾ:**

(a) ക്ഷേമനിധിയിൽ കുടിശ്ശികയില്ലാതെ അംഗമായി തുടരുകയും 60 വയസ്സ് പൂർത്തിയാക്കുകയും ചെയ്ത കർഷകർക്ക് അടച്ച അംശാദായത്തിന് ആനുപാതികമായി പെൻഷൻ ലഭിക്കും; എങ്കിലും കുറഞ്ഞ പെൻഷൻ മാസം തോറും 5000 രൂപയെങ്കിലും ആയിരിക്കും. (ഭാവിയിൽ അതു വർധിക്കും)

(b) അംഗമാകുന്ന കർഷകർക്ക് ഇൻഷ്വറൻസ് പരിരക്ഷ.

(c) മക്കളുടെ വിദ്യാഭ്യാസ സഹായം

(d) അംഗങ്ങളായ വനിതകളുടെയും അംഗങ്ങളുടെ പെൺമക്കളുടെയും വിവാഹസഹായം.

(e) അംഗങ്ങളായ വനിതകളുടെ പ്രസവത്തിന് രണ്ട് തവണ ആനുകൂല്യം ലഭിക്കും.

(f) ക്ഷേമനിധി അംഗങ്ങളുടെ മക്കൾക്ക് അംഗീകൃത സർവ്വകലാശാലകളിലെ പഠനത്തിന് വിദ്യാഭ്യാസ ധനസഹായവും ഈ പദ്ധതി ഉറപ്പാക്കുന്നു.

(g) കുറഞ്ഞത് അഞ്ചുവർഷം അംശാദായം കുടിശ്ശികയില്ലാതെ അടച്ച ശേഷം മരണമടയുന്ന അംഗത്തിന്റെ കുടുംബത്തിന് കുടുംബ പെൻഷൻ ലഭിക്കുമെന്നത് കർഷക കുടുംബങ്ങൾക്ക് വളരെയേറെ ആശ്വാസം നൽകുന്നതാണ്.

(h) പെൻഷൻ തിയതിക്ക് മുമ്പ് അനാരോഗ്യം കാരണം കാർഷിക വൃത്തിയിൽ തുടരാൻ കഴിയാത്തവർക്ക് 60 വയസ്സുവരെ പ്രതി മാസം പെൻഷൻ ലഭിക്കും.

(i) രോഗം മൂലമോ അപകടം മൂലമോ ശാരീരിക അവശത ഉണ്ടാകുന്നവർക്ക് അവശത ആനുകൂല്യം ലഭിക്കും. ബോർഡ് തീരുമാനിക്കുന്ന ലൈഫ് ഇൻഷ്വറൻസ്, മെഡിക്കൽ ഇൻഷ്വറൻസ്

പരിരക്ഷയിൽ ചേരുന്ന അംഗങ്ങൾക്ക് ചികിത്സാ സഹായവും ലഭിക്കും.

പ്രിയ സഹോദരങ്ങളേ,

കർഷക ക്ഷേമനിധി ബോർഡിൽ നാമമാത്ര - ചെറുകിട കർഷകർക്ക് അംഗത്വം ലഭിക്കുന്നതിനും ആനുകൂല്യങ്ങൾ വാങ്ങിയെടുക്കുന്നതിനും ആവശ്യമായ ക്രമീകരണങ്ങൾ സഭാ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതാണ്. സംസ്ഥാന തലത്തിൽ കേരള സോഷ്യൽ സർവ്വീസ് ഫോറം, കേരള ലേബർ മൂവ്മെന്റ്, ഇൻഫാം എന്നീ പ്രസ്ഥാനങ്ങൾ ചേർന്ന് പ്രവർത്തിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എല്ലാ രൂപതകളിലും ചെറുകിട കർഷകരെ ഈ ക്ഷേമനിധി ബോർഡിൽ അംഗത്വം നേടുന്നതിന് ആവശ്യമായ രജിസ്ട്രേഷൻ നടപടികൾ ചെയ്തു കൊടുക്കുന്നതിന് രൂപതാ സോഷ്യൽ സർവ്വീസ് സൊസൈറ്റി, കെ.എൽ.എം., ഇൻഫാം എന്നിവയുടെ ആഭിമുഖ്യത്തിൽ ആവശ്യാനുസരണം ഹെൽപ്പ് ഡെസ്ക്കുകൾ രൂപീകരിച്ച് പ്രവർത്തിക്കുക.

എത്ര പേർക്ക് ഈ ക്ഷേമനിധിയിൽ അംഗത്വം നേടിക്കൊടുത്തുവെന്ന് സംസ്ഥാന തലത്തിലേക്ക് റിപ്പോർട്ട് ചെയ്യുക. പ്രതികൂലമായ കാലാവസ്ഥ, വന്യജീവി ശല്യം, വിലത്തകർച്ച എന്നിവ അതിജീവിച്ച് കാർഷിക വൃത്തിയനുഷ്ഠിച്ച് സമൂഹത്തെ തീറ്റിപ്പോറ്റുന്ന കർഷക ജനതയ്ക്ക് സാധ്യമായ സാമൂഹ്യ സുരക്ഷ ഏർപ്പെടുത്തുന്നതിന് നമുക്ക് ഒത്തൊരുമിച്ച് പ്രവർത്തിക്കാം.

യേശു ക്രിസ്തുവിൽ സ്നേഹപൂർവ്വം,

**ബിഷപ് മാർ ജോസ് പുളിക്കൽ**
ചെയർമാൻ, ജെ.പി.ഡി. കമ്മീഷൻ

**ബിഷപ് ഡോ. അലക്സ് വടക്കുംതല**
ലേബർ കമ്മീഷൻ

**ബിഷപ് മാർ റെമിജിയോസ് ഇഞ്ചനാനിയിൽ**
എപ്പിസ്കോപ്പൽ അഡ്വൈസർ, ഇൻഫാം

# 2021 ആഗസ്റ്റ് 8 ഞായർ
# തടവറ പ്രേഷിതദിനം

*തടവറ പ്രേഷിത ദിനത്തോടനുബന്ധിച്ച് കെസിബിസി ജസ്റ്റിസ്, പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ.*

കർത്താവിൽ പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

"കർത്താവിന്റെ ആത്മാവ് എന്റെമേൽ ഉണ്ട്. ദരിദ്രരെ സുവിശേഷം അറിയിക്കാൻ അവിടുന്ന് എന്നെ അഭിഷേകം ചെയ്തിരിക്കുന്നു. ബന്ധിതർക്ക് മോചനവും അന്ധർക്ക് കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്ക് സ്വാതന്ത്ര്യവും കർത്താവിനു സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു" (ലൂക്കാ 4:18-19). ഏശയ്യായുടെ പുസ്തകത്തിൽ കാണുന്ന ഈ വചനങ്ങൾ ഉദ്ധരിച്ചുകൊണ്ടാണ് യേശു തന്റെ പരസ്യദൗത്യം ആരംഭിക്കുന്നത്. തടവറയിൽ കഴിയുന്ന മക്കളോട് ഐക്യദാർഢ്യം പ്രഖ്യാപിക്കുന്ന യേശുവിനെ സുവിശേഷത്തിൽ നാം കാണുന്നു. തന്റെ അവസാന 18 മണിക്കൂറുകൾ യേശു ചെലവഴിച്ചത് തടവറയിലായിരുന്നു. ഒരു കുറ്റവാളിയെന്ന വിധിയും കുരിശുമരണവുമാണ് അവിടത്തെ കാത്തിരുന്നത്. മഹനീയനായ തടവുകാരൻ ആണ് ഈശോ; പരിശു ദ്ധനായ തടവുകാരൻ. അവിടന്ന് കാരാഗൃഹത്തിലടയ്ക്കപ്പെട്ടപ്പോൾ പാപാന്ധകാരത്തിന്റെ തടവറയിൽ നിന്ന് മനുഷ്യവംശം മോചനം നേടി. കുറ്റവാളിയായി അവിടുന്ന് മരിച്ചതിനാൽ നമ്മൾ കുറ്റവിമുക്തരായി. നമ്മുടെ നീതീകരണത്തിനായി പാപമില്ലാത്തവനെ ദൈവം പാപമാക്കി (2 കോറി 5:21).

"തടവുകാരോട് നിങ്ങളും അവരോടൊപ്പം തടവറയിലെന്നപോലെ പെരുമാറുവിൻ" (ഹെബ്രാ 13:3) എന്ന ദൈവവചനം എത്രയധികം അവരെ കരുതുകയും സ്നേഹിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യണം എന്ന് നമ്മെ ഓർമ്മപ്പെടുത്തുന്നു. തടവുകാരുടെ ദയനീയ അവസ്ഥ നാം തിരിച്ചറിയേണ്ടതാണ്. അവർ നേരിടുന്ന അപമാനം, പ്രതീക്ഷയില്ലായ്മ, നിസ്സഹായ മനോഭാവം, മനുഷ്യത്വത്തിന് യോജിക്കാത്ത അവസ്ഥകൾ, അവരുടെ കുടുംബത്തിന്റെ അവസ്ഥ എന്നിവ നമ്മെ അസ്വസ്ഥരാക്കണം. കർത്താവ് ചോദിക്കുന്നു: ഞാൻ കാരാഗൃഹത്തിലായിരുന്നു നിങ്ങൾ എന്നെ സന്ദർശിച്ചോ? (cf: മത്താ 25: 36).

സാഹചര്യങ്ങളുടെ സമ്മർദം കൊണ്ടാണ് ഒട്ടുമിക്കവരും കുറ്റകൃത്യ ങ്ങൾക്ക് അടിമകളായിത്തീർന്നത്. അവർക്കുവേണ്ടിയും അവരുടെ കുടുംബങ്ങൾക്കു വേണ്ടിയും പ്രാർത്ഥിക്കാനും അവരെ സഹായി ക്കാനും നമുക്ക് കടമയുണ്ട്. സുപ്രധാനമായ ഈ ദൗത്യം നമ്മെ ഓർമ്മി പ്പിക്കുന്നതിനു വേണ്ടി ഭാരത കത്തോലിക്കാസഭ തടവറപ്രേഷിത പ്രവർത്തനങ്ങളുടെ മധ്യസ്ഥനായ വി. മാക്സ്മില്ല്യൻ മരിയകോൾബെ യുടെ തിരുനാൾ ദിനമായ ആഗസ്റ്റ് 14-നു മുൻപ് വരുന്ന ഞായറാഴ്ച തടവറ പ്രേഷിത ദിനമായി ആഘോഷിക്കുകയാണ്.

കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ നാമെല്ലാവരും ഒരർത്ഥ ത്തിൽ പരിമിതികളുടെയും ആശങ്കകളുടെയും രോഗങ്ങളുടെയും തട വറയിലാണ്. തടവറയിൽ കഴിയുന്ന സഹോദരങ്ങളെ കാരുണ്യപൂർവ്വം ഓർമ്മിക്കാൻ ഈ നാളുകളിലെ അനുഭവങ്ങൾ നമ്മെ സഹായിക്കു ന്നു. 2019 ലെ സ്ഥിതിവിവര കണക്കുകൾ പ്രകാരം ഇന്ത്യയിലെ ജയി ലുകളിലുള്ള തടവുകാരിൽ എഴുപതു ശതമാനം ആളുകളും വിചാ രണ നേരിട്ട് കൊണ്ടിരിക്കുന്നവരും കുറ്റാരോപിതരുമാണ്. മുപ്പത് ശത മാനം പേർ മാത്രമാണ് നിയമത്തിന്റെ മുൻപിൽ കുറ്റക്കാരെന്ന് വിധി ക്കപ്പെട്ടിട്ടുള്ളത്. നിരപരാധികളായ അനേകം മനുഷ്യർ ഇന്ന് ജയിലു കളിൽ വിചാരണ നേരിട്ടുകൊണ്ടിരിക്കുന്നു. കുറ്റാരോപിതർ എല്ലാ വരും കുറ്റക്കാരാണ് എന്ന സമൂഹത്തിന്റെ മനോഭാവം അപലപനീയ മാണ്. കുറ്റാരോപിതനായി മുംബൈയിലെ തലോജ ജയിലിൽ അട യ്ക്കപ്പെട്ട മനുഷ്യാവകാശ പ്രവർത്തകനും ഈശോസഭാംഗവുമായ ഫാ. സ്റ്റാൻ സ്വാമിയുടെ വിയോഗം നമ്മെ ഏറെ ദുഃഖത്തിലാഴ്ത്തി. തടവറയിൽ അടയ്ക്കപ്പെട്ട മനുഷ്യരുടെ ദയനീയാവസ്ഥയെക്കുറിച്ച് ഈ സംഭവം നമ്മെ ഓർമ്മപ്പെടുത്തുന്നു.

പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പ 'എല്ലാവരും സോദരർ' എന്ന തന്റെ ചാക്രികലേഖനത്തിൽ വധശിക്ഷയെക്കുറിച്ച് ഇപ്രകാരം പറയുന്നു: "എല്ലാ ക്രൈസ്തവ വിശ്വാസികളും നന്മ ആഗ്രഹിക്കുന്ന വരും നിയമപരവും അല്ലാതെയുമുള്ള എല്ലാത്തരം വധശിക്ഷയും നിരോധിക്കാനുള്ള പ്രവർത്തനങ്ങളിൽ ഇന്ന് സജീവമായി ഏർപ്പെ ടുകയും, മാത്രമല്ല ജയിൽ സാഹചര്യങ്ങൾ കൂടുതൽ മെച്ചപ്പെടുത്തു

ന്നതിനുവേണ്ടി ശബ്ദമുയർത്തുകയും ചെയ്യുന്നവരാകണം. കാരണം സ്വാതന്ത്ര്യം ഹനിക്കപ്പെട്ട് ജയിൽവാസം അനുഭവിക്കുന്നവർക്ക് മനുഷ്യാന്തസ് നിലനിർത്താനുള്ള അവകാശമുണ്ട്. ഒരു കൊലപാതകി പോലും അവന്റെ മനുഷ്യാന്തസ്സ് നഷ്ടപ്പെടുത്തുന്നില്ല. ഏറ്റവും കൊടിയ കുറ്റവാളിക്കുള്ള അന്തസ് ഞാൻ നിഷേധിക്കാതിരുന്നാൽ ഏതൊരു മനുഷ്യന്റെയും അന്തസിനെ മാനിക്കാൻ എനിക്കും സാധിക്കും. എല്ലാ വ്യത്യാസങ്ങൾക്കും അപ്പുറം എല്ലാ മനുഷ്യർക്കും ഈ ഭൂമിയിൽ സഹവസിക്കാനുള്ള സാധ്യത ഞാൻ അംഗീകരിക്കുകയും ചെയ്യും" (*Fratelli tutti* : 268 – 269). കുറ്റവാളികൾക്ക് കൊടുക്കുന്ന ശിക്ഷകൾ മനുഷ്യ അന്തസ്സിനെ മാനിക്കുന്നതും അവരെ മനഃപരിവർത്തനത്തിലേക്കും നന്മയിലേക്കും നയിക്കുന്നതുമാകണമെന്നാണ് പരിശുദ്ധ പിതാവ് ഇവിടെ അർത്ഥമാക്കുന്നത്.

നമ്മുടെ പാപാവസ്ഥയിലേക്ക് ദൈവം ഇറങ്ങി വന്നു! നമ്മൾ നഷ്ടപ്പെട്ടവരായപ്പോൾ ദൈവം താഴേക്കു വന്നു! ദൈവത്തിന്റെ കണ്ണുകളിൽ നമുക്ക് ഒരിക്കലും മൂല്യം നഷ്ടപ്പെടുന്നില്ല, നാം എപ്പോഴും അവിടുത്തെ കാഴ്ചയിൽ വിലപ്പെട്ടവരായി നിലകൊള്ളുന്നു. എന്തെന്നാൽ, ദൈവം അനന്ത സ്നേഹമാണ്. അഗ്നിക്ക് ചൂടില്ലാതിരിക്കാൻ കഴിയാത്തതുപോലെ ദൈവത്തിന് സ്നേഹിക്കാതിരിക്കാനും കഴിയില്ല. ഒരുവനും മാനസാന്തരത്തിന് അതീതനല്ല എന്ന ദർശനമാണ് തടവറ പ്രേഷിതത്വം ഉൾക്കൊള്ളുന്നത്. നമ്മുടെ കർത്താവ് 'നല്ലകള്ളന്' പറുദീസ ഉറപ്പുവരുത്തിക്കൊണ്ട് ഒരുവനും രക്ഷയ്ക്ക് അപ്പുറത്തല്ല എന്ന് നമ്മെ പഠിപ്പിക്കുകയും ചെയ്തു. അങ്ങേയറ്റം സുരക്ഷിതത്വമുള്ള തടവറകളുടെ ഭിത്തികൾക്കു പിന്നിൽ കഠിനഹൃദയരായ കുറ്റവാളികൾ പ്രത്യാശയുടെ സന്ദേശവാഹകരായി രൂപാന്തരപ്പെടുന്ന അനുഭവങ്ങളാണ് തടവറപ്രേഷിത പ്രവർത്തനങ്ങൾ പങ്കുവയ്ക്കുന്നത്. "ആരോഗ്യമുള്ളവർക്കല്ല രോഗികൾക്കാണ് വൈദ്യനെ ക്കൊണ്ടാവശ്യം. നീതിമാൻമാരെയല്ല, പാപികളെ വിളിക്കാനാണ് ഞാൻ വന്നത്" (മർക്കോ 2:17) എന്ന ക്രിസ്തുവചനത്തിന്റെ അർത്ഥം നമുക്ക് ആഴമായി ഗ്രഹിക്കാൻ കഴിയണം. യേശു ഈ ഭൂമിയിലേക്ക് വന്നതിന്റെ ലക്ഷ്യം പാപികളെ വിളിക്കുകയും നഷ്ടപ്പെട്ടവരെ രക്ഷിക്കുകയും

ചെയ്യുക എന്നതായിരുന്നു. കുരിശിൽ കിടന്ന് "എനിക്ക് ദാഹിക്കുന്നു" എന്ന് വിലപിച്ച ഈശോ ഇന്ന് തടവറകളുടെ ഇരുണ്ട മുറികളിൽ കഴിയുന്ന ആത്മാക്കളുടെ രക്ഷയ്ക്കായി ദാഹിക്കുന്നുണ്ട്.

തടവറ മക്കളുടെ പുനരധിവാസത്തിനും രക്ഷയ്ക്കും വേണ്ടി നാം എന്താണ് ചെയ്യേണ്ടത്? ദൈവത്തിന്റെ രക്ഷാകര ദൗത്യത്തിന്റെ ശ്രേഷ്ഠമായ ഈ ജോലിയിൽ ഒരു ഭാഗമായിത്തീരാൻ നിങ്ങൾ ആഗ്രഹിക്കുന്നുണ്ടെങ്കിൽ മൂന്നു വിധത്തിൽ ശുശ്രൂഷാധർമ്മം നിർവഹിച്ച് നിങ്ങൾ ക്കത് സാധ്യമാക്കാവുന്നതാണ്.

ഒന്നാമതായി, യേശു സാഹോദര്യ കൂട്ടായ്മ അഥവാ തടവറ പ്രേഷിത ശുശ്രൂഷയുടെ ഉത്ഭവം ദിവ്യകാരുണ്യത്തിൽ നിന്നാണ്. ദിവ്യകാരുണ്യത്തിന്റെ മുന്നിൽ ചെലവഴിക്കുന്ന മണിക്കൂറുകൾ ഈ ശുശ്രൂഷയുടെ വളർച്ചയ്ക്കുള്ള അനുഗൃഹീതമായ നിമിഷങ്ങളാണ്. ഓരോ സന്ദർശനത്തിനും മുൻപ് അംഗങ്ങൾ പ്രാർത്ഥനയിൽ അഭയം പ്രാപിക്കുകയും മധ്യസ്ഥ പ്രാർത്ഥന നടത്തുകയും ഉപവസിക്കുകയും ചെയ്യുന്നു. അടിസ്ഥാനപരമായി തടവറ പ്രേഷിത കൂട്ടായ്മ എന്നത് ഒരു പ്രാർത്ഥനാ സമൂഹമാണ്. ഈ പ്രാർത്ഥനാകൂട്ടായ്മയിൽ പങ്കുചേർന്ന് നിങ്ങൾക്കും തടവറ പ്രേഷിതരാകാം.

രണ്ടാമതായി, നിങ്ങൾക്ക് ജയിലുകളും തടവറ പ്രേഷിത കൂട്ടായ്മയുടെ പുനരധിവാസ കേന്ദ്രങ്ങളും തടവറമക്കളുടെ കുട്ടികൾക്കു വേണ്ടിയുള്ള ഭവനങ്ങളും സന്ദർശിക്കാം. "എന്റെ കുടുംബം എന്നെ ഉപേക്ഷിച്ചു; സമൂഹം എന്നെ ഒരു കുറ്റവാളിയായി മാത്രം പരിഗണിക്കുന്നു; നിങ്ങൾ എന്നെ സഹായിച്ചില്ലെങ്കിൽ വേറെ ആരെന്നെ സഹായിക്കും? ഞാൻ ജയിൽ വിമുക്തനാകുമ്പോൾ എനിക്ക് ഒരു ജോലി തരാൻ ആരും ധൈര്യപ്പെടുകയില്ല; ദയവായി എനിക്ക് ഒരു ജോലി സംഘടിപ്പിച്ചു തരാമോ?" തടവറക്കാർ നടത്തുന്ന ഹൃദയഭേദകമായ ഈ വിലാപം യേശു സാഹോദര്യ കൂട്ടായ്മ ശുശ്രൂഷകരുടെ ഹൃദയങ്ങളെ ചലിപ്പിച്ചു. അതിന്റെ ഫലമാണ് 1991-ൽ സ്ഥാപിച്ച സ്നേഹാശ്രമം എന്ന പുനരധിവാസകേന്ദ്രം. ഇന്ന് കേരളത്തിൽ തടവറ പ്രേഷിത കൂട്ടായ്മ ജയിൽ വിമുക്തരായ വ്യക്തികൾക്കും അവരുടെ മക്കൾക്കുംവേണ്ടി 10 പുനരധിവാസ കേന്ദ്രങ്ങൾ നടത്തുന്നുണ്ട്.

മൂന്നാമതായി, തടവറമക്കളെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടി തടവറ പ്രേഷിത കൂട്ടായ്മയെ സാമ്പത്തികമായി സഹായിക്കാൻ നിങ്ങൾക്ക് കഴിയും. ഈ പ്രേഷിത കൂട്ടായ്മയുടെ ഒരു അടിസ്ഥാന തത്ത്വം "പങ്കുവയ്ക്കലാണ്". തടവറയിൽ കഴിയുന്നവർക്ക് നല്ല ഭാവി സൃഷ്ടിക്കാനും അവരുടെ കുടുംബങ്ങളെ സമുദ്ധരിക്കാനും നമുക്കൊരുമിച്ച് കൈകോർക്കാം. ആളുകളെ വ്യക്തിപരമായി കണ്ടുമുട്ടി സുമനസ്സുകളുടെ സഹായത്തോടെ പദ്ധതികളും ദർശനങ്ങളും യാഥാർത്ഥ്യമാക്കുന്ന ശൈലിയാണ് യേശുസാഹോദര്യത്തിനുള്ളത്. കർത്താവിന്റെ ഈ ചെറിയവർക്കുവേണ്ടി ആത്മാർത്ഥമായി ഉള്ളതിൽ നിന്ന് പങ്ക്‌വയ്ക്കുമ്പോൾ നാം കർത്താവിനുതന്നെയാണ് നൽകുന്നതെന്ന കാര്യം മറക്കാതിരിക്കാം.

കേരളത്തിലെ തടവറകളിൽ ജീസസ്സ് ഫ്രട്ടേണിറ്റി നടത്തുന്ന പ്രവർത്തനങ്ങൾക്ക് അംഗീകാരമെന്നവിധം ജയിൽവകുപ്പ് എല്ലാ ജയിലുകളും സന്ദർശിക്കാൻ ഈ കൂട്ടായ്മയ്ക്ക് മാത്രമായി ഒരു പൊതു അനുവാദം നൽകിയിട്ടുണ്ട്. കേരളത്തിലെ 32 രൂപതകളിലും ഡയറക്ടർ അച്ചൻമാരുടെ നേതൃത്വത്തിൽ 50-ഓളം യൂണിറ്റുകളിലായി 1000 ത്തിൽ പരം വോളണ്ടിയർമാർ പ്രത്യക്ഷമായും പരോക്ഷമായും ഈ ശുശ്രൂഷയിൽ പങ്കുചേരുന്നു. നമ്മുടെ എല്ലാ രൂപതകളിലുംനിന്ന് കൂടുതൽ ആളുകൾ ഈ രംഗത്തേക്ക് കടന്നു വരണമെന്ന് അഭ്യർത്ഥിക്കുന്നു. കേരളത്തിലെ ഒൻപത് മേജർ സെമിനാരികളിലും ജീസസ്സ് ഫ്രട്ടേണിറ്റിയുടെ യൂണിറ്റുകൾ നന്നായി പ്രവർത്തിക്കുന്നുണ്ട്. വൈദിക വിദ്യാർത്ഥികൾ ഈ രംഗത്ത് ചെയ്യുന്ന ശുശ്രൂഷകൾ സ്തുത്യർഹമാണ്. അനേകം അല്മായരും സമർപ്പിതരും വൈദികരും ഈ പ്രവർത്തനത്തിൽ പങ്കുചേരുന്നു. അവർക്കെല്ലാം ഹൃദയപൂർവ്വകമായ അനുമോദനവും നന്ദിയും അർപ്പിക്കട്ടെ. തടവറ പ്രേഷിതദിനത്തിൽ ഇടവകകളിൽ നിന്ന് ശേഖരിക്കുന്ന പിരിവുകൊണ്ടാണ് ജീസസ്സ് ഫ്രട്ടേണിറ്റിയുടെ ബഹുമുഖ പ്രവർത്തനങ്ങൾ മുന്നോട്ട് കൊണ്ടുപോകുന്നത്. കോവിഡിന്റെ പശ്ചാത്തലത്തിൽ ഈ വർഷവും പല പരിമിതികളുമുണ്ട് എന്നത് വസ്തുതയാണ്. എങ്കിലും സാധിക്കുന്ന വിധമുള്ള സംഭാവനകൾ ഓരോ രൂപതയും പി.ഒ.സി-യിൽ പ്രവർത്തിക്കുന്ന

ജീസസ്സ് ഫ്രട്ടേണിറ്റിയുടെ സംസ്ഥാന ഓഫീസിലേക്ക് അയച്ചുകൊടുക്കണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. എല്ലാവരുടെയും ഔദാര്യപൂർണ്ണമായ സഹകരണം ഇക്കാര്യത്തിൽ ഉണ്ടാകുമല്ലോ.

ആഗതമാകുന്ന ഭാരത സ്വാതന്ത്ര്യദിനവും സ്വർഗ്ഗാരോപണത്തിരുനാളും നമ്മെ യഥാർത്ഥ സ്വാതന്ത്ര്യത്തിലേക്കും നന്മയിലേക്കും നയിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. ഏവർക്കും ദൈവാനുഗ്രഹങ്ങൾ സമൃദ്ധമായി ലഭിക്കട്ടെ.

ജീസസ്സ് ഫ്രട്ടേണിറ്റിക്കുവേണ്ടി,

**ബിഷപ് മാർ ജോസ് പുളിക്കൽ**
(ചെയർമാൻ, കെ.സി.ബി.സി ജസ്റ്റിസ്,
പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

**ആർച്ച് ബിഷപ് ജോസഫ് കളത്തിപ്പറമ്പിൽ**
(വൈസ് ചെയർമാൻ, കെ.സി.ബി.സി ജസ്റ്റിസ്,
പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

**ബിഷപ് തോമസ് മാർ യൗസേബിയൂസ്**
(വൈസ് ചെയർമാൻ, കെ.സി.ബി.സി ജസ്റ്റിസ്,
പീസ് ആൻഡ് ഡെവലപ്പ്മെന്റ് കമ്മീഷൻ)

---

NB: ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കേണ്ടതാണ്.

# ജസ്റ്റീസ് സൺഡേ (നീതി ഞായർ)

## 2021 ആഗസ്റ്റ് 22, ഞായർ

### KCBC SC/ST/BC കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

ഈശോമിശിഹായിൽ ഏറ്റവും പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ,

ഭാരതം സ്വാതന്ത്ര്യം പ്രാപിച്ചിട്ട് 74 വർഷം തികയുകയാണ്. മതേതര ജനാധിപത്യ രാജ്യമായ നമ്മുടെ മാതൃരാജ്യത്ത് ജാതിയുടേയും മതത്തിന്റേയും പേരിൽ വിവേചനം അനുഭവിക്കുന്ന ക്രിസ്തുമത വിശ്വാസികളായ ദളിതരുടെ അവസ്ഥ മുൻകാലത്തേക്കാൾ വളരെ ദയനീയമാണ്. ജാതിയുടേയോ മതത്തിന്റേയോ വർഗത്തിന്റേയോ വർണ്ണത്തിന്റേയോ പേരിൽ ഒരു പൗരനോടും വിവേചനം പാടില്ല എന്ന് ഭരണഘടന അനുശാസിക്കുന്നു. ക്രിസ്തുമതം സ്വീകരിച്ചതിന്റെ പേരിൽ ദളിത് ക്രൈസ്തവർക്ക് ഒരു ഇന്ത്യൻ പൗരന് ഭരണഘടനാപരമായി ന്യായമായി ലഭിക്കേണ്ട അവകാശങ്ങൾ നിഷേധിച്ചിരിക്കുകയാണ്. കഴിഞ്ഞ ഏഴ് പതിറ്റാണ്ടായി ഈ വിവേചനം തുടരുകയാണ്. 1950 ആഗസ്റ്റ് 10-ന് ഇന്ത്യൻ പ്രസിഡന്റ് ഡോ. രാജേന്ദ്ര പ്രസാദ് പുറപ്പെടുവിച്ച പ്രസിഡൻഷ്യൽ ഓർഡറിലൂടെ ക്രിസ്തുമത വിശ്വാസികളായ ദളിതരെ ഒഴിവാക്കി ഹിന്ദുമത വിശ്വാസികളായ ദളിതരെ മാത്രം ഉൾപ്പെടുത്തി പട്ടികജാതി സംവരണം നൽകി. ഈ ദിനം ദളിത് ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം ഒരു കറുത്ത ദിവസമാണ്. ഇതിൽ പ്രതിഷേധിച്ചുകൊണ്ട് ദളിത് ക്രൈസ്തവർ ആഗസ്റ്റ് 10 പ്രതിഷേധദിനമായിട്ടാണ് ആചരിക്കുന്നത്. 1956-ൽ സിക്കുമത വിശ്വാസികളായ ദളിതർക്കും 1990-ൽ ബുദ്ധമത വിശ്വാസികളായ ദളിതർക്കും പട്ടികജാതി ലിസ്റ്റ് പ്രകാരം സംവരണം നൽകി. എന്നാൽ ക്രിസ്ത്യൻ/മുസ്ലീം മത വിശ്വാസികളായ ദളിതർക്ക് മാത്രം ഇതുവരെയും പട്ടികജാതി ലിസ്റ്റ് പ്രകാരമുള്ള സംവരണം നൽകിയിട്ടില്ല. ഇത് ഭരണഘടനാവിരുദ്ധവും മനുഷ്യാവകാശ ലംഘനവുമാണ്.

“നീതിക്കുവേണ്ടി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവർ ഭാഗ്യവാന്മാർ” (മത്തായി 5:6) എന്നാണല്ലോ ഈശോ അരുൾച്ചെയ്തിട്ടുള്ളത്. അന്യായമായി നീതി നിഷേധിക്കപ്പെട്ട ദളിത് ക്രൈസ്തവ സമൂഹത്തോട് ഐക്യദാർഢ്യപ്പെട്ട് അവർക്ക് അർഹമായ നീതി

ലഭിക്കുന്നതിന് വേണ്ടി സഭ വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നു. സ്വാതന്ത്ര്യദിനം കഴിഞ്ഞു വരുന്ന ഞായർ ജസ്റ്റീസ് സൺഡേ (നീതി ഞായർ) ആയി ആചരിച്ചുകൊണ്ട് ദൈവതിരുസന്നിധിയിൽ പ്രാർത്ഥി ക്കുകയും ഒപ്പം ദളിത് ക്രൈസ്തവർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ മനസ്സിലാക്കി അവ പരിഹരിക്കാനുള്ള പരിശ്രമങ്ങളിൽ പങ്കുചേരു കയും ചെയ്യാം.

മതം മാറിയതുകൊണ്ട് മാത്രം ഒരു വ്യക്തിയുടെയോ സമുദായ ത്തിന്റെയോ സാമൂഹികാവസ്ഥ മാറുന്നില്ല. ക്രിസ്തുമതം സ്വീകരിച്ച ദളിത് സഹോദരങ്ങൾ അഭിമുഖീകരിക്കേണ്ടി വരുന്ന സാമൂഹിക സാഹചര്യങ്ങൾ ഇതര പട്ടികജാതിക്കാരുടേതിൽ നിന്ന് വിഭിന്നമല്ല. ഭാരതമൊട്ടുക്ക് ദളിത് പീഡനങ്ങളും വിവേചനപരമായ നടപടികളും തുടർക്കഥയായിരിക്കുമ്പോൾ ദളിത് ക്രൈസ്തവർക്ക് ഇരട്ട പ്രഹരമാ ണേൽക്കുന്നത്. ഭരണഘടനയനുസരിച്ചുള്ള സംവരണമില്ല. നിയമ സംവിധാനങ്ങളുടെ പരിരക്ഷയുമില്ല. കേരളത്തിൽ പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ വഴി ലഭി ക്കുന്ന സഹായങ്ങൾ പോലും നിഷേധിക്കപ്പെടുന്നു. ഈ സാഹചര്യ ങ്ങൾ നമ്മുടെ പ്രത്യേക ശ്രദ്ധ അർഹിക്കുകയും കൂട്ടായ ഇടപെട ലുകൾ ആവശ്യപ്പെടുകയും ചെയ്യുന്നു.

ദളിത് സഹോദരങ്ങൾക്ക് സഭയ്ക്കുള്ളിൽ അവസര സമത്വവും പ്രത്യേക പരിഗണനയും ആവശ്യമാണ്. 2020 ജൂലൈ 20-ന് റോമിൽ നിന്ന് കോൺഗ്രിഗേഷൻ ഫോർ ക്ലർജി പുറപ്പെടുവിച്ച രേഖ (നം. 32) നിഷ്കർഷിക്കുന്നത് "ദരിദ്രരും ഒഴിവാക്കപ്പെട്ടവരും പാർശ്വവൽക്ക രിക്കപ്പെട്ടവരുമായവർക്ക് സഭയുടെ ഹൃദയത്തിൽ സവിശേഷമായ ഒരു സ്ഥാനം ഉണ്ടായിരിക്കണം" എന്നാണ്. ഭാരതത്തിലെ സഭാസംവിധാ നങ്ങളിലുള്ള സ്ഥാനങ്ങൾ, നിയമനങ്ങളിലുള്ള പരിഗണന, സാമൂഹിക രാഷ്ട്രീയ രംഗങ്ങളിലുള്ള പങ്കാളിത്തം തുടങ്ങി എല്ലാ മേഖലകളിലും സഭ ദളിത് ക്രൈസ്തവരെ പ്രത്യേകം പരിഗണിച്ച് അവരെ സഹായി ക്കുന്നതിന് ഓരോ ഇടവകയും ശ്രദ്ധിക്കണം.

എല്ലാ പൗരന്മാർക്കും സ്ഥിതിസമത്വവും തുല്യനീതിയും ഉറപ്പുവരുത്തുന്ന മഹത്തായ ഭരണഘടനയുള്ള മതേതര ജനാധിപത്യ രാഷ്ട്രമാണല്ലോ ഭാരതം. എങ്കിലും ജാതിവ്യവസ്ഥയുടെ കടുത്ത

വിവേചനവും കൊടിയ അനീതിയും ഇന്നും ഇവിടെ നിലനിൽക്കുന്നു. ഇത് പരിഹരിക്കുന്നതിനുവേണ്ടി ഭരണഘടനതന്നെ ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനമാണ് സംവരണം. പട്ടിക വിഭാഗക്കാർക്കെല്ലാം ഒരുപോലെ സംവരണത്തിന്റെ പരിരക്ഷ നൽകപ്പെട്ടിരിക്കുന്നു. എന്നാൽ ക്രിസ്ത്യാനികളായ ദളിതർക്ക് ഇന്നു തുല്യനീതി നിഷേധിക്കപ്പെട്ടിരിക്കുന്നു. ഇതിനെതിരേ മുറവിളി തുടങ്ങിയിട്ട് വർഷങ്ങൾ ഏറെയായി. വിഷയം പഠിക്കാനായി നിയമിക്കപ്പെട്ട കമ്മീഷനുകൾ ദളിത് ക്രൈസ്തവർക്ക് അനുകൂലമായ റിപ്പോർട്ടുകളാണ് നൽകിയിട്ടുള്ളത്. എങ്കിലും അർഹമായ പരിഗണന നൽകാൻ മാറിമാറി വന്ന സർക്കാരുകളൊന്നും തയ്യാറായിട്ടില്ല. ഈ കടുത്ത അനീതിക്കെതിരെ സുപ്രീം കോടതിയിൽ കേസ് 2004 മുതൽ നടന്നുവരുന്നു. ഈ കേസിന്റെ അനുകൂല വിധിക്കായി എല്ലാവരും പ്രാർത്ഥിക്കണം.

ദളിത് ക്രൈസ്തവ വിദ്യാർത്ഥികൾക്ക് (OEC) പ്ലസ്സ് വൺ മുതലുള്ള ഉന്നത വിദ്യാഭ്യാസ പ്രവേശനത്തിന് യാതൊരു സംവരണവും ഇതുവരെ ഏർപ്പെടുത്തിയിട്ടില്ല. കമ്മ്യൂണിറ്റി ക്വാട്ടായിലും, മാനേജ്മെന്റ് ക്വാട്ടായിലും, അഡ്മിഷൻ കിട്ടി എയിഡഡ് സ്ഥാപനങ്ങളിലും സ്വാശ്രയ സ്ഥാപനങ്ങളിലും പഠിക്കുന്ന ദളിത് ക്രൈസ്തവ വിദ്യാർത്ഥികൾക്ക് സ്റ്റൈപൻഡും ലംപ്സം ഗ്രാന്റും കൊടുക്കാൻ പാടില്ല എന്ന ഉത്തരവും സർക്കാർ ഇറക്കിയിരിക്കുന്നു. കേന്ദ്ര ഗവൺമെന്റ് ന്യൂനപക്ഷ വിഭാഗങ്ങൾക്കായി ഏർപ്പെടുത്തിയിരിക്കുന്ന പ്രീമെട്രിക്, പോസ്റ്റുമെട്രിക് സ്കോളർഷിപ്പുകൾ 2011-ലെ ഓർഡർ പ്രകാരം ലത്തീൻ കത്തോലിക്കർക്കും പരിവർത്തിത ക്രൈസ്തവർക്കും കൊടുക്കുവാനുള്ള നിർദ്ദേശം ഉണ്ടെങ്കിലും കഴിഞ്ഞ പത്തുവർഷമായി ഒ.ഇ.സി വിഭാഗത്തിൽപ്പെട്ട ദളിത് ക്രൈസ്തവ കുട്ടികൾക്ക് (പരിവർത്തിത ക്രൈസ്തവ), സർക്കാരിൽ നിന്നും സ്റ്റൈപൻഡ്, ലംപ്സം ഗ്രാന്റ് ലഭിക്കുന്നു എന്ന കാരണത്താൽ ന്യൂനപക്ഷ സ്കോളർഷിപ്പ് ഇതുവരെയും ലഭിച്ചിട്ടില്ല. ഈ നടപടികൾക്കെതിരെ പ്രതികരിക്കാൻ ദളിത് ക്രൈസ്തവർ മുന്നോട്ടുവരേണ്ട സമയമാണിത്. വിദ്യാഭ്യാസത്തിനും തൊഴിലിനും രാഷ്ട്രീയ അധികാരപങ്കാളിത്തത്തിനും ഭരണഘടന അനുശാസിക്കുന്ന അവകാശങ്ങൾ നിഷേധിക്കപ്പെടുന്ന മറ്റൊരു ജനവിഭാഗം ഭാരതത്തിലില്ല. ഇതിനെതിരെ പ്രതികരിക്കാൻ ആഗസ്റ്റ് 10 പ്രതിഷേധദിനമായും ആഗസ്റ്റ് 22 ജസ്റ്റീസ്

സൺഡേ പ്രാർത്ഥനാദിനമായും ആചരിക്കാം. നീതിയും സ്വാതന്ത്ര്യവും സമത്വവും സാഹോദര്യവുമുള്ള ഒരു രാജ്യത്തിനായി ആശിക്കാം. അതാകട്ടെ നമ്മുടെ ലക്ഷ്യം.

ദളിത് കത്തോലിക്കാ മഹാജന സഭ (DCMS) വഴിയാണ് കേരള കത്തോലിക്കാ സഭയുടെ ദളിത് ശാക്തീകരണ പ്രവർത്തനങ്ങൾ പ്രധാനമായും നടക്കുന്നത്. ഈ സംഘടനയുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടക്കുന്നതിന് ഏവരുടെയും സഹകരണം ആവശ്യമാണ്. ദളിത് കത്തോലിക്കാ കുട്ടികൾക്കുവേണ്ടിയുള്ള ടാലന്റ് ആൻഡ് സ്കിൽ ട്രെയിനിങ് പ്രോഗ്രാം (TSDTP) കലാപരമായ കഴിവുകൾ കണ്ടെത്തി വളർത്തുന്നതിനുള്ള പരിശീലനം (സിംഫണി ആർട്സ്) എസ്.എസ്.എൽ.സി, +2, ഡിഗ്രി ക്ലാസ്സ് കഴിഞ്ഞവർക്കുള്ള പി.എസ്.സി കോച്ചിംഗ്, എസ്.എസ്. എൽ.സി കഴിഞ്ഞവർക്കുള്ള എൻട്രൻസ് കോച്ചിംഗ് ക്ലാസ്സുകൾ ആഗസ്റ്റ് മാസത്തിൽ ആരംഭിക്കുന്നതാണ്. കഴിഞ്ഞ അധ്യയന വർഷം (2020-2021) എസ്.എസ്.എൽ.സി, പ്ലസ് ടു, ഡിഗ്രി, പിജി തുടങ്ങിയ പരീക്ഷകളിൽ ഉയർന്ന വിജയം കൈവരിച്ചവർക്കുള്ള സ്കോളർഷിപ്പും നൽകുന്നതാണ്. ദളിത് കത്തോലിക്കാ ക്ഷേമപ്രവർത്തനങ്ങൾക്ക് വേണ്ടി ജസ്റ്റീസ് സൺഡേയോടനുബന്ധിച്ച് നടത്താറുള്ള സംഭാവന ഇടവകകളിൽ നിന്നും ശേഖരിച്ച് രൂപതാ കേന്ദ്രങ്ങൾ വഴി കെസിബിസി കമ്മീഷന്റെ പേർക്ക് അയച്ചു തരേണ്ടതാണ്. ഇക്കാര്യങ്ങളിലെല്ലാം എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു.

ഈശോയിൽ സ്നേഹപൂർവ്വം,

**ബിഷപ് മാർ ജേക്കബ് മുരിക്കൻ**
ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

**ബിഷപ് സെൽവിസ്റ്റർ പൊന്നുമുത്തൻ**
വൈസ് ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

**ബിഷപ് യൂഹാനോൻ മാർ തിയഡോഷ്യസ്**
വൈസ് ചെയർമാൻ, കെസിബിസി SC/ST/BC കമ്മീഷൻ

NB: 2021 ആഗസ്റ്റ് 22-ാം തീയതി ഞായറാഴ്ച ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാ സഭകളിലെ എല്ലാ ദൈവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.

# രൂപതക്കച്ചേരി

## C. *37/2021* **വികാരിമാറ്റ റിപ്പോർട്ട്**

വികാരിമാറ്റ റിപ്പോർട്ട് രൂപതക്കച്ചേരിയിൽ സമർപ്പിക്കാത്തവർ എത്രയും പെട്ടെന്ന് സമർപ്പിക്കാൻ ശ്രദ്ധിക്കുമല്ലോ.

*Syncellus*

## C. *38/2021* **വി. മൂറോൻ**

ഇടവകകളിലേക്കുള്ള വി. മൂറോൻ ഇതുവരെയും കൊണ്ടുപോകാൻ സാധിക്കാത്ത പള്ളികളിലേക്കുള്ള വി. മൂറോൻ അതാത് ഫൊറോനകളിൽ എത്തിച്ചിട്ടുണ്ട്. അവിടെനിന്നും വി. മൂറോൻ എടുത്തുകൊണ്ടുപോകാൻ ബഹു. വികാരിയച്ചൻമാർ ശ്രദ്ധിക്കുമല്ലോ.

*Syncellus*

## C. *39/2021* **ഡയറക്ടറിയിൽ തിരുത്ത്**

രൂപതാ ഡയറക്ടറിയിൽ തിരുത്ത് വരുത്താൻ ആഗ്രഹിക്കുന്നവർ ആഗസ്റ്റ് 20-നു മുമ്പ് കഴിഞ്ഞ വർഷത്തെ (Directory 2020-21) ഡയറക്ടറിയുടെ പുറകിൽ കൊടുത്തിരിക്കുന്ന 'For Correction' (P.255) പേജ് പൂരിപ്പിച്ച് രൂപതാക്കച്ചേരിയിലേക്ക് തപാലിലോ അല്ലെങ്കിൽ ആ പേജിന്റെ ഫോട്ടോ താഴെക്കാണുന്ന നമ്പറുകളിലേക്ക് whatsapp സന്ദേശമായോ അയയ്ക്കുക.

Fr. Jose Kulathoor - 9400656727
Fr. Peter Paremman - 8113811618

*Chancellor*

# മൈനർ സെമിനാരി

## *MS 20/2021* **നവാഗതർ**

| | | | |
|---|---|---|---|
| 1 | മഞ്ഞള്ളൂർക്കാരൻ ജോഷ്വാ | - | കുട്ടമ്പുഴ |
| 2 | മുളയ്ക്കൽ ജേക്കബ് | - | പെരുമ്പിള്ളിച്ചിറ |

| | | | |
|---|---|---|---|
| 3 | മുതിയേലിൽ പോൾ | - | വടാട്ടുപാറ |
| 4 | പാലയ്ക്കാമറ്റത്തിൽ എബ്രാഹം | - | മേക്കടമ്പ് |
| 5 | പിട്ടാപ്പിള്ളിൽ ജോസഫ് | - | പൈങ്ങോട്ടൂർ |
| 6 | പുളിക്കൽ മാത്യു | - | ചെപ്പുകുളം |
| 7 | വടക്കേടത്തുവയലിൽ പോൾ | - | വാഴക്കുളം |

*MS 21/2021* **സെമിനാരിക്ക് സാമ്പത്തിക സഹായം നൽകിയവർ**

| | | | |
|---|---|---|---|
| 1 | St. Sebastian's Church, Enanalloor | ₹ | 50,000.00 |
| 2 | Emmanuel Pothanamuzhy, Randar | ₹ | 100,000.00 |
| 3 | Shiny Avirapatt, Velielchal | ₹ | 25,000.00 |
| 4 | Francis Kuriakose Kavumpuram Karakunnam in memory of his son Bro. Jose | ₹ | 2,000.00 |
| 5 | Mathai Mudakalil, Randar | ₹ | 100,000.00 |
| 6 | John Tharian Elanjickal, Pidavoor | ₹ | 50,000.00 |
| 7 | One Benefactor | ₹ | 10,000.00 |
| 8 | Neethu Tony Porunnedath, Randar | ₹ | 10,000.00 |
| 9 | One Benefactor | ₹ | 5,000.00 |
| 10 | Jolly Jose Vellankal, Randar | ₹ | 100,000.00 |
| 11 | Roy Jose Thuruthel, Melbourne | ₹ | 50,000.00 |
| 12 | Jacob Kanaparambil, Randar | ₹ | 20,000.00 |
| 13 | Rodney Family, Melbourne | ₹ | 30,142.00 |
| 14 | Sabu Thomas, Melbourne | ₹ | 55,069.60 |

*Rector*

# വിജ്ഞാനഭവൻ

*V. 56 /2021* **HM, സ്റ്റാഫ് സെക്രട്ടറി മീറ്റിംഗ്**

2021-2022 വർഷത്തെ HM, സ്റ്റാഫ് സെക്രട്ടറി മീറ്റിംഗ് ആഗസ്റ്റ് 7-ാം തീയതി ശനിയാഴ്ച 8.45 pm -ന് ഓൺലൈനായി ചേരുന്നതാണ്. ഇതിൽ എല്ലാവരും പങ്കെടുക്കണമെന്ന് ഓർമ്മപ്പെടുത്തുന്നു.

*V. 57 /2021* **PTA മീറ്റിംഗ്**

2021-2022 വർഷത്തെ PTA മീറ്റിംഗ് ആഗസ്റ്റ് 14-ാം തീയതി ശനി

യാഴ്ച 8.45 pm -ന് ഓൺലൈനായി ചേരുന്നതാണ്. ഇതിൽ പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, MPTA മെമ്പർ എന്നിവരാണ് പങ്കെടുക്കേണ്ടത്.

*V. 58 /2021* **പ്രൈവറ്റ് രജിസ്ട്രേഷൻ, സ്റ്റാഫ് സ്റ്റേറ്റ്മെന്റ്, കുട്ടികളുടെ കോൺട്രിബ്യൂഷൻ**

പ്രൈവറ്റ് രജിസ്ട്രേഷൻ, സ്റ്റാഫ് സ്റ്റേറ്റ്മെന്റ്, കുട്ടികളുടെ കോൺട്രിബ്യൂഷൻ എന്നിവ തരാത്തവർ ആഗസ്റ്റ് 10-ന് മുമ്പ് വിജ്ഞാനഭവൻ ഓഫീസിൽ എത്തിക്കുമല്ലോ.

*V. 59/2021* **ലോഗോസ് ക്വിസ് 2021**

ഇപ്പോഴത്തെ തീരുമാനമനുസരിച്ച് ലോഗോസ് ക്വിസ് ഡിസംബർ മാസത്തിലായിരിക്കും. തീയതി പിന്നീട് അറിയിക്കുന്നതാണ്. ഒക്ടോബർ 31 വരെ പുതിയ ആളുകളെ രജിസ്റ്റർ ചെയ്യാവുന്നതാണ്. മത്സരത്തിനുള്ള പാഠഭാഗങ്ങൾ:

**1) നിയമാവർത്തനം 22-34** **2) പ്രഭാഷകൻ 18-22**

**3) വി. മർക്കോസ് 1-8** **4) 1 കോറി. 1-8**

പഠനത്തിനായി ഉപയോഗിക്കേണ്ടത് POC ബൈബിളും, ഇംഗ്ലീഷിന് NRSV (Catholic Edition) ബൈബിളുമാണ്.

*V. 60 /2021* **പാഠ്യപദ്ധതി 2021-2022**

| | |
|---|---|
| ആഗസ്റ്റ് 10 ചൊവ്വ | - പ്രൈവറ്റ് രജിസ്ട്രേഷൻ, സ്റ്റാഫ് സ്റ്റേറ്റ്മെന്റ്, കുട്ടികളുടെ കോൺട്രിബ്യൂഷൻ എന്നിവ തരേണ്ട അവസാന തീയതി.10, 12 ക്ലാസ്സുകളിലെ കുട്ടികളുടെ പേര് എന്റർ ചെയ്യണം. |
| ഒക്ടോബർ 3 ഞായർ | - ഒന്നാം സെമസ്റ്റർ പരീക്ഷ |
| ഒക്ടോബർ 10 ഞായർ | - ടീച്ചേഴ്സ് ക്വിസ് ഇടവകതലം |
| ഒക്ടോബർ 18 തിങ്കൾ | - 10, 12 ക്ലാസ്സ്, ടീച്ചേഴ്സ് ക്വിസ് എന്നിവയുടെ ഉത്തരക്കടലാസുകൾ മേഖലാ കേന്ദ്രത്തിലോ വിജ്ഞാനഭവനിലോ എത്തിക്കേണ്ട അവസാന തീയതി. (മേഖലാകേന്ദ്രത്തിൽ ഒക്ടോബർ 18 -ന് മാത്രം എത്തിക്കുക). |
| ഒക്ടോബർ 30 ശനി | - സൺഡേ സ്കൂൾ പുസ്തകങ്ങൾ, ഉപപാഠ |

| | |
|---|---|
| | പുസ്തകം, ബൈബിൾ നേഴ്സറി, വിശ്വാസോത്സവം എന്നിവയുടെ ഓർഡർ തരേണ്ട അവസാന തീയതി. |
| നവംബർ 7 ഞായർ | - വിശ്വാസപരിശീലക ദിനം |
| നവംബർ 8 തിങ്കൾ | - ഒന്നാം സെമസ്റ്റർ പരീക്ഷാഫലം, SAY രജിസ്ട്രേഷൻ ആരംഭിക്കുന്നു. |
| നവംബർ 13 ശനി | - പ്രതിഭാസംഗമം, SAY രജിസ്ട്രേഷൻ അവസാനിക്കുന്നു. |
| നവംബർ 28 ഞായർ | - SAY Exam |
| ഡിസംബർ 11 ശനി | - അദ്ധ്യാപക ക്വിസ് രൂപതാതലം, SAY Exam ഉത്തരക്കടലാസ് വിജ്ഞാനഭവനിൽ എത്തിക്കേണ്ട അവസാന തീയതി |
| ഡിസംബർ 20 തിങ്കൾ | - SAY Exam Result |
| ഡിസംബർ 31 വെള്ളി | - സ്കോളർഷിപ്പ് പരീക്ഷയ്ക്കുള്ള കുട്ടികളുടെ പേര് രജിസ്റ്റർ ചെയ്യേണ്ട അവസാന തീയതി. |
| 2022 ഏപ്രിൽ 3 ഞായർ | - രണ്ടാം സെമസ്റ്റർ പരീക്ഷ |
| ഏപ്രിൽ 4, 5, 6, 7 | - വിശ്വാസോത്സവം |
| ഏപ്രിൽ 8 വെള്ളി | - സ്കോളർഷിപ്പ് പരീക്ഷ |
| ഏപ്രിൽ 18 തിങ്കൾ | - 10, 12 ക്ലാസ്സുകളിലെ മൂല്യനിർണ്ണയം നടത്തിയ ഉത്തരക്കടലാസ്സുകൾ മേഖലാ കേന്ദ്രത്തിലോ വിജ്ഞാനഭവനിലോ എത്തിക്കേണ്ട അവസാന തീയതി. (മേഖലാകേന്ദ്രത്തിൽ ഏപ്രിൽ 18-ന് മാത്രം എത്തിക്കുക). |
| ഏപ്രിൽ 30 ശനി | - വാർഷിക റിപ്പോർട്ടും വിശ്വാസോത്സവ റിപ്പോർട്ടും എത്തിക്കേണ്ട അവസാന തീയതി |
| മെയ് 2 തിങ്കൾ | - 10, 12 റിസൽട്ട്, സർട്ടിഫിക്കറ്റ് വിതരണം. SAY Exam രജിസ്ട്രേഷൻ ആരംഭിക്കുന്നു. |
| മെയ് 9 തിങ്കൾ | - SAY Exam രജിസ്ട്രേഷൻ അവസാനിക്കുന്നു. |
| മെയ് 15 ഞായർ | - SAY Exam |
| മെയ് 20 വെള്ളി | - SAY Exam ഉത്തരക്കടലാസ്സുകൾ എത്തിക്കേണ്ട അവസാന തീയതി. |

| | |
|---|---|
| മെയ് 24 ചൊവ്വ | - SAY Exam റിസൽട്ട് |
| മെയ് 29 ഞായർ | - HM, സ്റ്റാഫ് സെക്രട്ടറി മീറ്റിംഗ് |
| ജൂൺ 5 ഞായർ | - 2022-23 വർഷാരംഭം |

NB. കോവിഡ് -19 രോഗവ്യാപനത്തിന്റെ സാഹചര്യത്തിനനുസരിച്ച് തീയതികളിൽ വ്യത്യാസം വരാൻ സാധ്യതയുണ്ട് എന്നോർമ്മിക്കുക.

### *V. 61/2021* സീറോ മലബാർ കുർബാനയുടെ നവീകരിച്ച തക്സ, കുർബാന പുസ്തകം

സീറോ മലബാർ കുർബാനയുടെ നവീകരിച്ച തക്സയും ജനങ്ങളുടെ ഉപയോഗത്തിനുള്ള കുർബാന പുസ്തകവും കാക്കനാട് മൗണ്ട് സെന്റ് തോമസിലെ ലിറ്റർജി കമ്മീഷൻ ഓഫീസിൽ ഉടൻ ലഭ്യമാകുന്നതാണ്. വിജ്ഞാനഭവൻ ബുക്ക്സ്റ്റാളിൽ വിളിച്ച് ഓർഡർ നൽകുക. ഫോൺ: 9497031873

### *V. 62/2021* വിജ്ഞാനഭവൻ ബുക്ക് സ്റ്റാൾ

ആദ്യകുർബാനസ്വീകരണ പുസ്തകം, കുർബാന പുസ്തകം, പോക്കറ്റ് ബൈബിൾ, സൺഡേ സ്കൂൾ ബാഗ്, കൊന്ത, വെന്തിങ്ങ, സി.ഡി., ഗ്ലോബ്, കാസ, ഗിഫ്റ്റ് ഐറ്റംസ്, പ്രമുഖ പ്രസാധകരുടെ പുസ്തകങ്ങൾ എന്നിവ മിതമായ നിരക്കിൽ ലഭ്യമാണ്.

*Director*

## നെസ്റ്റ് അക്കാദമി ഓഫ് തിയോളജി

### *NAT 1/2021* ദൈവശാസ്ത്ര കോഴ്സ് 2021

നമ്മുടെ രൂപതയുടെ പാസ്റ്ററൽ സെന്ററിൽ മുൻവർഷങ്ങളിൽ നടത്തിവന്നിരുന്ന ദൈവശാസ്ത്രകോഴ്സ് നെസ്റ്റ് അക്കാദമിയുടെയും രൂപതാമതബോധന കേന്ദ്രത്തിന്റെയും ആഭിമുഖ്യത്തിൽ 2021 ആഗസ്റ്റിൽ പുനരാരംഭിക്കുകയാണ്. ഇന്നത്തെ പ്രത്യേകസാഹചര്യത്തിൽ ഓൺലൈൻ ആയിട്ടാണ് ഇതു നടത്തുന്നത്. പ്രത്യേകിച്ച് അല്മായരെ ഉദ്ദേശിച്ചുള്ള ഈ പഠനപരിപാടിയിൽ എല്ലാവർക്കും പങ്കുചേരാവുന്നതാണ്. മതാദ്ധ്യപകർക്കും സഭയുടെ വ്യത്യസ്ത സേവനരംഗങ്ങളിൽ പ്രവർത്തിക്കുന്നവർക്കും ഇതു പ്രയോജനകരമായിരിക്കും.

ആലുവ സെമിനാരിയിലെ പൊന്തിഫിക്കൽ തിയോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രോഗ്രാം ഓഫ് സ്റ്റഡീസുമായി അഫീലിയേറ്റ് ചെയ്തിരിക്കുന്ന കോഴ്സാണ് നമ്മൾ നടത്തുന്നത്. കോഴ്സ് വിജയപ്രദമായി പൂർത്തിയാക്കുന്നവർക്ക് പൊന്തിഫിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സർട്ടിഫിക്കറ്റ് നല്കുന്നതാണ്.

ഇടവകപള്ളിയിലെ അച്ചൻ വഴിയോ ഫോൺ/വാട്ട്സാപ്പ്/ ഇ-മെയിൽ വഴിയോ പേര് നല്കാവുന്നതാണ്. അന്വേഷകർക്ക് കൂടുതൽ വിവരങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നല്കുന്നതാണ്. താഴെപ്പറയുന്ന നമ്പറുകളിൽ ബന്ധപ്പെടുക.

ഫാ. ജോർജ്ജ് കാരക്കുന്നേൽ
നെസ്റ്റ് അക്കാദമി ഓഫ് തിയോളജി

മൊബൈൽ & വാട്ട്സ് ആപ്പ്
9400088729, 9188168183
നെസ്റ്റ് ഓഫീസ് 0485-2830033

ഫാ. ജോസഫ് കല്ലറയ്ക്കൽ
വിജ്ഞാനഭവൻ,
മതബോധനകേന്ദ്രം
മൊബൈൽ & വാട്ട്സ് ആപ്പ്
9495962275, 9446302881
മതബോധനഓഫീസ്
9495843287

Email: nesttacademyoftheology@gmail.com

# കോർപറേറ്റ് എഡ്യൂക്കേഷണൽ ഏജൻസി

*Edn.18/2021* **നന്ദിയോടെ...**

കഴിഞ്ഞ 6 വർഷക്കാലം രൂപതയുടെ വിദ്യാഭ്യാസ സെക്രട്ടറിയായി ചുമതല വഹിച്ചശേഷം തൊടുപുഴ സെന്റ്സെബാസ്റ്റ്യൻസ് പള്ളിയുടെ വികാരിയായി സ്ഥലം മാറി പോയ റവ. ഡോ. സ്റ്റാൻലി കുന്നേലച്ചനെ നന്ദിയോടെ ഓർക്കാം. പ്രതിസന്ധിഘട്ടങ്ങളിലും രൂപതയുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങളെ ഏറെ മുന്നോട്ടു നയിക്കാൻ അച്ചന്റെ നേതൃത്വത്തിനു സാധിച്ചുവെന്നതിൽ നമുക്ക് അഭിമാനിക്കാം. അച്ചനിലൂടെ നമുക്ക് ലഭിച്ച ദൈവകൃപയ്ക്കും അനുഗ്രഹത്തിനും പ്രത്യേകം നന്ദി പറയുന്നു. പുതിയ ശുശ്രൂഷാമേഖല അനുഗ്രഹപ്രദമാകട്ടെയെന്ന് ആശംസിക്കുന്നു.

*Edn.19/2021* **SSLC Result 2020-21**

| Sl No. | Name of School | Total appeared | Total passed | % of Pass | Full A+ |
|---|---|---|---|---|---|
| 1 | ARAKUZHA SMHSS | 12 | 12 | 100 | 1 |
| 2 | AYAVANA SHHSS | 78 | 78 | 100 | 32 |
| 3 | KALAYANTHANI SGHSS | 96 | 96 | 100 | 30 |
| 4 | KALIYAR SMHSS | 115 | 115 | 100 | 31 |
| 5 | KALLANICKAL SGHSS | 61 | 61 | 100 | 19 |
| 6 | KALLOORKAD SAHSS | 60 | 60 | 100 | 12 |
| 7 | KARIMANNOOR SJHSS | 296 | 296 | 100 | 108 |
| 8 | KODIKULAM SMHS | 16 | 16 | 100 | 3 |
| 9 | KOTHAMANGALAM SGHSS | 163 | 163 | 100 | 76 |
| 10 | KUNINJI SAHS | 10 | 10 | 100 | 2 |
| 11 | MEMADANGU SSHS | 6 | 6 | 100 | 1 |
| 12 | MUTHALAKODAM SGHSS | 124 | 123 | 99 | 24 |
| 13 | MUTHALAKODAM SHGHS | 174 | 174 | 100 | 97 |
| 14 | NAKAPPUZHA SMHS | 9 | 9 | 100 | 1 |
| 15 | NEYYASSERY SSHS | 21 | 21 | 100 | 4 |
| 16 | OONNUKAL LF HS | 159 | 159 | 100 | 40 |
| 17 | PAYNKULAM SRHS | 56 | 56 | 100 | 13 |
| 18 | PURAPUZHA SSHSS | 17 | 17 | 100 | 1 |
| 19 | THODUPUZHA SSHS | 118 | 118 | 100 | 14 |
| 20 | UDUMBANOOR SGHS | 96 | 94 | 98 | 23 |
| 21 | VAZHITHALA SSHSS | 104 | 104 | 100 | 46 |
| 22 | VELIELCHALSJHS | 26 | 26 | 100 | 5 |
| | TOTAL APPEARED | 1817 | 1814 | | |
| | TOTAL PASSED | 1814 | | | |
| | DETAINED | 3 | | | |
| | % OF PASS (CORPORATE) | 99.83 | | | |

നമ്മുടെ സ്കൂളുകളിൽ ഉന്നതവിജയം കരസ്ഥമാക്കാൻ പരിശ്രമിച്ച ബഹു. മാനേജർമാർ, അദ്ധ്യാപകർ, വിദ്യാർത്ഥികൾ, രക്ഷകർത്താക്കൾ എന്നിവരെ പ്രത്യേകം അനുമോദിക്കുന്നു.

*Secretary*

# നിർമ്മല സിവിൽ സർവീസ് അക്കാദമി

## *NiCSA.1 /2021* നിർമ്മല സിവിൽ സർവീസ് അക്കാദമി വെഞ്ചരിപ്പും ഉദ്ഘാടനവും

കോതമംഗലം രൂപതയുടെ ആഭിമുഖ്യത്തിൽ മൂവാറ്റുപുഴ നിർമ്മല കോളേജ് MCA ബ്ലോക്കിൽ പ്രവർത്തനമാരംഭിക്കുന്ന നിർമ്മല സിവിൽ സർവീസ് അക്കാദമിയുടെ വെഞ്ചരിപ്പും ഉദ്ഘാടനവും നടന്നു. ജൂലൈ 20-ന് രാവിലെ 10.30-ന് അഭിവന്ദ്യ പിതാവ് അക്കാദമി വെഞ്ചരിച്ചു. ഫൊറോനവികാരിമാർ, സംഘടനാ ഡയറക്ടേഴ്സ്, പ്രൊവിൻഷ്യൽമാർ എന്നിവർ സന്നിഹിതരായിരുന്നു.

ഉച്ചകഴിഞ്ഞ് 3.00 മണിക്ക് സംസ്ഥാന അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. ടി.കെ. ജോസ് ഐ.എ.എസ്. അക്കാദമി ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് അദ്ധ്യക്ഷനായിരുന്ന സമ്മേളനത്തിൽ ഇടുക്കി രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോൺ നെല്ലിക്കുന്നേൽ പിതാവ് അനുഗ്രഹപ്രഭാഷണം നടത്തി. മൂവാറ്റുപുഴ MLA ശ്രീ. മാത്യു കുഴൽനാടൻ മുഖ്യപ്രഭാഷണവും മുൻസംസ്ഥാന പ്രിൻസിപ്പൽ സെക്രട്ടറി ശ്രീ. എം. ജോസഫ് ഐ.എ.എസ്., ഡൽഹി ALS ഡയറക്ടർ ശ്രീ. ജോജോ മാത്യൂസ് എന്നിവർ ആശംസകളർപ്പിച്ചു സംസാരിക്കുകയും ചെയ്തു. നമ്മുടെ രൂപതയിലെ ഭക്തസംഘടനാ പ്രതിനിധികൾ, കോളേജ്, ഹയർസെക്കന്ററി പ്രിൻസിപ്പൽമാർ എന്നിവർ പങ്കെടുത്തു.

നിലവിൽ സിവിൽ സർവീസ്, പി.എസ്.സി. എന്നിവയ്ക്കാണ് ഇവിടെ പ്രവേശനപരിശീലനം നൽകുന്നത്. ഭാവിയിൽ മറ്റ് പരീക്ഷകൾക്കുള്ള പ്രവേശനപരിശീലനവും ലഭ്യമാക്കുന്നതാണ്. ഹോസ്റ്റൽ സൗകര്യം, റീഡിംഗ് റൂം, പ്രഗത്ഭരുടെ ക്ലാസ്സുകൾ, സിവിൽ സർവീസ് ഉദ്യോഗസ്ഥരുമായുള്ള ചർച്ചകൾ തുടങ്ങി ഒട്ടനവധി സൗകര്യങ്ങൾ ഇവിടെ ഒരുക്കിയിട്ടുണ്ട്.

**Courses**

**Civil Services**

1. MCP (1 year full time course for PG/UG completed students)
2. Foundation Course (1 year weekend course for PG/UG ongoing students)
3. Optional Subjects
4. Mains Test Series, Prelims Test Series
5. Basic Course (for 8-12th Std. students on Second Saturdays)

**PSC**

1. Full Time Course
2. Weekend Course
3. Evening Batch
4. Crash Course

നമ്മുടെ കുട്ടികൾക്ക് ഏറ്റവും മികച്ച പരിശീലനം നൽകി കേന്ദ്ര സംസ്ഥാനസർക്കാർ വകുപ്പുകളിൽ ഉദ്യോഗസ്ഥരാക്കി മാറ്റേണ്ടത് ഇന്നിന്റെ ആവശ്യമാണെന്നു മനസ്സിലാക്കി സഹകരിക്കുന്ന എല്ലാ പ്രിയപ്പെട്ട വൈദികർക്കും സിസ്റ്റേഴ്സിനും അല്മായ സഹോദരർക്കും ഏറെ നന്ദി.

*NiCSA. 2/2021* **സൗജന്യ പ്രിലിംസ് ടെസ്റ്റ് സീരീസ്**

UPSC 2021 പ്രിലിംസ് പരീക്ഷയ്ക്ക് തയ്യാറെടുക്കുന്നവർക്കായി നിർമ്മല സിവിൽ സർവീസ് അക്കാദമിയും ഡൽഹി ALS അക്കാദമിയും സംയുക്തമായി പ്രിലിംസ് ടെസ്റ്റ് സീരിസ് സൗജന്യമായി ഓൺലൈനായി നടത്തുന്നു. ഈ വർഷത്തെ സിവിൽ സർവീസ് പരീക്ഷയ്ക്കായി ഒരുങ്ങുന്ന ഇന്ത്യയെമ്പാടുമുള്ള 10,000 ത്തിലധികം കുട്ടികളാണ് ജൂലൈ 29 മുതൽ രണ്ടു മാസം നീണ്ടുനിൽക്കുന്ന ഈ ടെസ്റ്റ് സീരിസിൽ പങ്കെടുക്കുക.

*NiCSA. 3/2021* **MCP (Mains Cum Prelims) കോഴ്സ് ആരംഭിക്കുന്നു**

നിർമ്മല സിവിൽ സർവീസ് അക്കാദമി ഇന്ത്യയിലെ ഏറ്റവും പ്രശസ്ത സിവിൽ സർവീസ് പരിശീലകരായ ALS ഡൽഹിയുമായി സഹകരിച്ച് 2022 സിവിൽ സർവീസ് പരീക്ഷയ്ക്ക് വിദ്യാർത്ഥികളെ സജ്ജരാക്കുന്ന 1 വർഷം നീണ്ടുനിൽക്കുന്ന മുഴുവൻ സമയ പരിശീലനകോഴ്സ് MCP ആഗസ്റ്റ് 6-ന് ആരംഭിക്കുന്നു. താല്പര്യമുള്ളവർ

ആഗസ്റ്റ് 4-ന് മുൻപായി അഡ്മിഷനെടുക്കുക. ഡൽഹിയിൽ നടത്തുന്ന അതേ ക്ലാസ്സുകൾ VSAT വഴി ഇവിടെ ലഭ്യമാക്കുന്നതാണ്.

Contact : 7907119072, 8411914675

*NiCSA 4/2021* **Diocesan Scholarship Results**

നിർമ്മല സിവിൽ സർവീസ് അക്കാദമിയിൽ ചേർന്ന് ഒരു വർഷത്തെ MCP കോഴ്സ് പഠിക്കാൻ ആഗ്രഹിക്കുന്ന കോതമംഗലം, ഇടുക്കി രൂപതകളിലെ വിദ്യാർത്ഥികൾക്കായി നടത്തിയ Diocesan Scholarship ന്റെ റിസൽട്ട്. എഴുത്തുപരീക്ഷയും തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്കുള്ള ഇന്റർവ്യൂവും അടിസ്ഥാനമാക്കിയാണ് സ്കോളർഷിപ്പ് നൽകുന്നത്.

**Grade A (75% ഫീസിളവ്)**

1 Ansu Tomy, Kottathil (H), Thovarayar
2 Jisni Jose, Thuruthippillil (H), Cheppukulam
3 Francisco Shaju, Areeckal (H), Vadattupara
4 Anuja Mary John, Kulakattu (H), Anicadu
5 Glimpson Jose, Kunnel (H), Kalloorkad

**Grade B (50% ഫീസിളവ്)**

6 Sangeetha Johns, Padinjarayil (H), Vijnana Matha
7 Jose S Kunnel, Kunnel (H), Mulappuram
8 Jithin George, Edattel Nellikunnel (H), Vazhakulam
9 Akshay Mathews, Eramanagalath (H), Karimannoor
10 Elseena Thomas, Ottathengumkal (H), Alakode
11 Abin Joshy, Kochuparambil (H), Kuninji
12 Albin Jose, Karakkattuputhenpura (H), Muvattupuzha
13 Christeena Biju, Pallath (H), Mankulam
14 Dony Thomas, Kureekkal (H), Ayiram Acre
15 Naveen Vincent, Anatharackal (H), Cheenikuzhi
16 Aswathy Francis, Padinjareyil (H), Perumpillichira

**Grade C (25% ഫീസിളവ്)**

17 Anjaly Zacharias, Pendanath (H), Perumballoor

18 Sharon George, Edasseriyil (H), Kaliyar
19 Anmy Saju, Kalamparambil (H), Nellimattom
20 Grace Biju, Kalapurayil (H), Kadalikad
21 Alphy Maria Joseph, Punnolil (H), Thankamany
22 Aleena Shinoj, Arakkattu (H), Pazhayirikandom
23 Devasi Mathew, Athickal (H), Karimannoor

*Director*

# സോഷ്യൽ സർവീസ്

*SS. 32/2021* **വോളന്റിയേഴ്സ് പരിശീലനം**

കേരള സോഷ്യൽ സർവീസ് ഫോറത്തിന്റെ ആഭിമുഖ്യത്തിൽ കേരളത്തിലെ മുഴുവൻ രൂപതകളിലും നടപ്പിലാക്കുന്ന Response SuDHIR എന്ന പദ്ധതിയുടെ ഭാഗമായി തിരഞ്ഞെടുക്കപ്പെട്ട സന്നദ്ധ പ്രവർത്തകർക്ക് പരിശീലനം നൽകുകയുണ്ടായി. കോതമംഗലം, മൂവാറ്റുപുഴ, കൊച്ചി രൂപതകൾക്കായി നടത്തിയ ഓൺലൈൻ പരിശീലനം കേരള സോഷ്യൽ സർവീസ് ഫോറം ഡയറക്ടർ ഫാ. ജേക്കബ് മാവുങ്കൽ ഉദ്ഘാടനം ചെയ്തു. കോതമംഗലം സോഷ്യൽ സർവീസ് സൊസൈറ്റി ഡയറക്ടർ ഫാ. സിറിയക് ഞാളൂർ അനുഗ്രഹപ്രഭാഷണം നടത്തി. KSSF -ലെ സി. ജെസീന SRA വോളന്റിസം എന്ന വിഷയത്തിലും ശ്രീ. ബെൻ മാത്യു 'സുധീർ' പ്രോജക്ടിനെ സംബന്ധിച്ചും വിശദമായി ക്ലാസ്സുകൾ നൽകി. കോതമംഗലം രൂപതയിൽ നിന്നും 21 അംഗങ്ങൾ പരിശീലനത്തിൽ പങ്കെടുത്തു.

കോവിഡുമായി ബന്ധപ്പെട്ട് ശരിയായ അവബോധം നൽകുക, കോവിഡ് വരാതിരിക്കുന്നതിനുള്ള മുൻകരുതൽ സമൂഹത്തിന് നൽകുക, കോവിഡ് വന്നവരെ ഫോൺവഴി കോൺടാക്ട് ചെയ്ത് അവർക്ക് ആശ്വാസം പകരുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. കേരളത്തിൽ എല്ലാ രൂപതകളും ചേർന്ന് ഇത്തരത്തിൽ 5 ലക്ഷം കുടുംബങ്ങളെ സമാശ്വസിപ്പിക്കാൻ SuDHIR പദ്ധതി ലക്ഷ്യമിടുന്നു.

*SS. 33/2021* **ജീവ നേഴ്സറി**

കോതമംഗലം സോഷ്യൽ സർവീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ KSSS കാമ്പസിൽ പ്രവർത്തിക്കുന്ന ജീവനേഴ്സറിയിൽ

നിന്നും അത്യുല്പാദനശേഷിയുള്ള ഫല വൃക്ഷത്തൈകളും മറ്റു ചെടികളും വൃക്ഷത്തൈകളും കുറഞ്ഞ വിലയിൽ ലഭ്യമാണ്. ഈ നേഴ്സറിയുടെ പ്രയോജനം എല്ലാവരിലും എത്തിക്കാൻ ശ്രദ്ധിക്കുമല്ലോ.

*SS. 34/2021* **ജീവ സോപ്പുപൊടി നിർമ്മാണയൂണിറ്റ്**

KSSS-ന്റെ നേതൃത്വത്തിൽ ഓഫീസിനോടുചേർന്ന് പ്രവർത്തിക്കുന്ന ജീവ സ്വാശ്രയയൂണിറ്റിന്റെ ഭാഗമായി സോപ്പുപൊടി നിർമ്മാണയൂണിറ്റ് ആരംഭിച്ചിരിക്കുന്നു. ഗുണമേന്മയുള്ള സോപ്പുപൊടി കുറഞ്ഞവിലയ്ക്ക് മൊത്തമായും ചില്ലറയായും ഇവിടെനിന്ന് ലഭിക്കുന്നതാണ്. ആവശ്യക്കാർ മുൻകൂട്ടി അറിയിക്കേണ്ടതാണ്. കൂടാതെ സോപ്പുപൊടി, ലിക്വിഡ് സോപ്പ്, ഫിനോയിൽ, തുള്ളിനീലം തുടങ്ങിയ നിത്യോപയോഗ സാധനങ്ങൾ നിർമ്മിക്കുന്നതിനാവശ്യമായ കിറ്റുകളും മറ്റു ഡിറ്റർജന്റ് ഐറ്റംസും ഇവിടെനിന്നും ലഭിക്കുന്നതാണ്.

*SS. 35/2021* **സേവ് എ ഫാമിലി പ്ലാൻ**

കേന്ദ്രസർക്കാരിന്റെ FCRA Rule അനുസരിച്ച് സേവ് എ ഫാമിലി പ്ലാൻ ഗുണഭോക്താക്കളുടെ നിലവിലുള്ള ജോയിന്റ് അക്കൗണ്ടുകൾ Close ചെയ്യുന്നതിനും ഓരോ ഗുണഭോക്താക്കളുടെ പേരിലും സ്വന്തം അക്കൗണ്ടുകൾ ആരംഭിച്ച് സഹായ ഇടപാടുകൾ നടത്തുന്നതിനും തീരുമാനിച്ചു. ഗുണഭോക്താക്കൾ ഓഫീസുമായി ബന്ധപ്പെട്ട് ഇതിനാവശ്യമായ ക്രമീകരണങ്ങൾ ചെയ്യേണ്ടതാണ്.

*SS. 36/2021* **ക്രെഡിറ്റ് യൂണിയൻ ഓഡിറ്റിംഗ്**

ക്രെഡിറ്റ് യൂണിയനുകളുടെ ഓഡിറ്റിംഗ് ഉടനെ നടത്തേണ്ടതുള്ളതുകൊണ്ട് ഓരോ യൂണിറ്റുകളും അംഗങ്ങളുടെ പാസ്സ് ബുക്ക് ശേഖരിച്ച് ഇൻസെന്റീവ് കണക്കാക്കി ബാങ്ക് സ്റ്റേറ്റ്മെന്റ് എടുത്ത് ഓഡിറ്റിംഗിന് തയ്യാറാവേണ്ടതാണ്. കൊറോണയുടെ സാഹചര്യം അനുകൂലമാകുമ്പോൾ ഓഡിറ്ററുടെ സൗകര്യം ലഭിക്കുന്നതനുസരിച്ച് തീയതി അറിയിക്കുന്നതായിരിക്കും.

*SS. 37/2021* **ജീവ നോട്ട്ബുക്ക് യൂണിറ്റ്**

KSSS-ന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ജീവ നോട്ട്ബുക്കുകൾ മിതമായ വിലയിൽ ഗുണനിലവാരത്തോടെ ലഭിക്കുന്നതാണ്. സ്കൂളുകൾക്ക് ആവശ്യമായ ബുക്കുകൾക്ക് മുൻകൂട്ടി ബുക്ക് ചെയ്യേ

ണ്ടതാണ്. സി. അർച്ചന - ഫോൺ: 9605103767.

*SS. 38/2021* **ജനറൽ ബോഡി യോഗം**

കേരള സോഷ്യൽ സർവീസ് ഫോറത്തിന്റെ ഗവേണിംഗ് ബോഡി യോഗത്തിലും വാർഷിക ജനറൽ ബോഡി യോഗത്തിലും KSSS-നെ പ്രതിനിധീകരിച്ച് ഡയറക്ടർ ഫാ. സിറിയക് ഞാളൂർ സംബന്ധിക്കുകയുണ്ടായി. ചേർപ്പുങ്കൽ സമിരിറ്റൻസ് കൺവെൻഷൻ സെന്ററിൽ വച്ച് നടന്ന യോഗത്തിൽ കേരളത്തിലെ എല്ലാ രൂപതകളിൽ നിന്നുമുള്ള സോഷ്യൽ സർവീസ് സൊസൈറ്റി ഡയറക്ടർമാരും സംബന്ധിക്കുകയുണ്ടായി.

*SS. 39/2021* **കോവിഡ് മെഡിക്കൽ കിറ്റ്**

കാരിത്താസ് ഇന്ത്യയും കോതമംഗലം സോഷ്യൽ സർവീസ് സൊസൈറ്റിയും സംയുക്തമായി രൂപതയിലെ 10 ഇടവകകളിൽ 5 സാധനങ്ങൾ ഉൾക്കൊള്ളുന്ന മെഡിക്കൽ കിറ്റുകൾ സൗജന്യമായി വിതരണം ചെയ്തു. Vaporizer, Pluse Oximeter, Digital Thermometer, 1 Ltr Sanitizer, 15 N95 mask എന്നിവ അടങ്ങുന്നതാണ് ഒരു കിറ്റ്. ഇടവകകളിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ കൂടുതൽ ശക്തമാക്കുക എന്ന ലക്ഷ്യത്തോടെയാണ് മെഡിക്കൽ കിറ്റുകൾ വിതരണം ചെയ്തത്.

*SS. 40/2021* **KCBC മെഡിക്കൽ കിറ്റ്**

KCBC, CHAI, KSSF, കാരിത്താസ് ഇന്ത്യ എന്നിവയുടെ ആഭിമുഖ്യത്തിൽ കേരളത്തിലെ 32 രൂപതകളിലും നടപ്പിലാക്കുന്ന മെഡിക്കൽ കിറ്റ് വിതരണത്തിന്റെ ഭാഗമായി കോതമംഗലം സോഷ്യൽ സർവീസ് സൊസൈറ്റി വഴി രൂപതയിലെ 100 കോവിഡ് ബാധിത കുടുംബങ്ങൾക്ക് മെഡിക്കൽ കിറ്റ് വിതരണം ചെയ്യുന്നതാണ്. KCBC-യുടെ മാനദണ്ഡങ്ങൾ അനുസരിച്ചായിരിക്കും ഗുണഭോക്താക്കളെ കണ്ടെത്തുക.

*SS. 41/2021* **നന്ദി... നന്ദി...**

കോതമംഗലം സോഷ്യൽ സർവീസ് സൊസൈറ്റിയുടെ ഡയറക്ടറായിരുന്നുകൊണ്ട് കഴിഞ്ഞ മൂന്നുവർഷക്കാലം നയിച്ച റവ. ഡോ. തോമസ് ജെ. പറയിടം അച്ചൻ വെളിയേൽച്ചാൽ സെന്റ് ജോസഫ്

ഇടവകവികാരിയായി സ്ഥലം മാറിപ്പോവുകയുണ്ടായി. കോതമംഗലം സോഷ്യൽ സർവീസ് സൊസൈറ്റി വഴി അച്ചൻ ചെയ്ത സേവനങ്ങൾക്ക് KSSS ഫാമിലിയുടെ ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു.

*Director*

# ചെറുപുഷ്പ മിഷൻലീഗ്

*CML 39/2021* **മാലാഖമാരുടെ സ്വർഗ്ഗസംഗമം**

രൂപതയിൽ കഴിഞ്ഞവർഷം ആദ്യകുർബാന സ്വീകരിച്ച കുട്ടികളുടെ സംഗമം ഓൺലൈനായി നടത്തി. ജൂലൈ 3, 4 തീയതികളിൽ ആയി നടത്തിയ മീറ്റിംഗിൽ അഞ്ഞൂറോളം കുട്ടികൾ പങ്കെടുത്തു. അഭിവന്ദ്യ മഠത്തിക്കണ്ടത്തിൽ പിതാവ് കുട്ടികളെ അഭിസംബോധന ചെയ്തു സംസാരിച്ചു.

*CML 40/2021* **Proud to be a Missionary**

വിശുദ്ധ തോമാശ്ലീഹായുടെ തിരുനാളിനോടനുബന്ധിച്ച് മിഷൻലീഗ് കോതമംഗലം രൂപത നൽകിയ ചലഞ്ച് ആയിരുന്നു Proud to be a Missionary. രൂപതയിൽ നിന്ന് നിർമിച്ചുനൽകിയ ഫ്രെയിമിൽ സ്വന്തം ഫോട്ടോ വച്ച് സോഷ്യൽ മീഡിയകളിൽ പോസ്റ്റ് ചെയ്യാനുള്ള ഈ ചലഞ്ച് അനേകം പേർ ഏറ്റെടുത്തു.

*CML 41/2021* **വലിയകുടുംബങ്ങളുടെ സ്നേഹസംഗമം**

നമ്മുടെ രൂപതാംഗങ്ങളായ വിവാഹം കഴിഞ്ഞ് 25 വർഷവും അതിൽ താഴെയോ ആയവരും 4 കുട്ടികളുടെ മാതാപിതാക്കളുമായവരുടെ ഓൺലൈൻ സംഗമം നടത്തി. 4 മുതൽ 8 വരെ മക്കളുള്ള എഴുപതോളം കുടുംബങ്ങൾ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് പങ്കെടുത്തു. അഭിവന്ദ്യ പിതാവും മീറ്റിംഗിൽ പങ്കെടുത്തു.

*CML 42/2021* **കൗമാരപ്രായത്തിൽ അറിഞ്ഞിരിക്കേണ്ട നിയമങ്ങൾ**

കൗമാര പ്രായത്തിൽ കുട്ടികൾ അറിഞ്ഞിരിക്കേണ്ട നിയമവശങ്ങളെ പറ്റി രൂപതാ തലത്തിൽ webinar സംഘടിപ്പിച്ചു. GEMS കുട്ടികൾക്കായി നടത്തിയ വെബിനാറിൽ SD സഭാംഗമായ അഡ്വ. സി. ജോസിയ ക്ലാസ്സ് നയിച്ചു.

## *CML 43/2021* പ്ലാറ്റിനം ജൂബിലി ലോഗോ നിർമ്മാണ മത്സരം

സംഘടനയുടെ പ്ലാറ്റിനം ജൂബിലിയോടനുബന്ധിച്ച് രൂപതാ തലത്തിൽ സംഘടിപ്പിച്ച ലോഗോ നിർമ്മാണ മത്സരത്തിൽ നെടുങ്ങപ്ര ശാഖയിലെ പ്രതിഭ ഡേവിസ് ഒന്നാം സ്ഥാനവും കാളിയാർ ശാഖയിലെ നെവിൻ തോമസ് രണ്ടാം സ്ഥാനവും കരസ്ഥമാക്കി. വിജയികൾക്ക് അഭിനന്ദനങ്ങൾ.

## *CML 44/2021* FAMILY TIME

രൂപതാ കുടുംബം രൂപതയിലെ ശാഖകളിൽ നടത്തുന്ന ഓൺലൈൻ സന്ദർശനമാണ് FAMILY TIME. ഫാമിലി ടൈമിന്റെ ഔദ്യോഗിക ഉദ്ഘാടനം ജൂലൈ 18 ഞായറാഴ്ച ചിറ്റൂർ ശാഖ സന്ദർശനത്തോടൊപ്പം നടന്നു.

## *CML 45/2021* JUBILEE COUNT DOWN

സംഘടനയുടെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾ ഔദ്യോഗികമായി ആരംഭിക്കുന്ന ഒക്ടോബർ മൂന്നിന് 75 ദിവസങ്ങൾക്കു മുൻപായി ജൂലൈ 20-ന് പ്ലാറ്റിനം ജൂബിലി കൗണ്ട്ഡൗൺ ആരംഭിച്ചു. അഭിവന്ദ്യ പിതാവ് ഈ കൗണ്ട്ഡൗൺ ഉദ്ഘാടനം ചെയ്തു. 75 ദിവസങ്ങളിലായി സാമൂഹ്യമാധ്യമങ്ങളിലൂടെ സംഘടനയെ സംബന്ധിച്ച വ്യത്യസ്തമായ 75 ചരിത്രവസ്തുതകൾ പരിചയപ്പെടുത്തുന്ന രീതിയിലാണ് കൗണ്ട്ഡൗൺ ക്രമീകരിച്ചിരിക്കുന്നത്.

## *CML 46/2021* Jubliee Mission Challenge : Something Beautiful for God

പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾ ഇടവകയിൽ വലിയൊരു കാരുണ്യപ്രവർത്തിക്കുകൂടി വഴി ഒരുക്കട്ടെ എന്ന ലക്ഷ്യവുമായി മിഷൻലീഗ് രൂപതാ കുടുംബം മുന്നോട്ടുവയ്ക്കുന്ന ആശയമാണ് Something Beautiful for God. ഇടവകയിലെ എല്ലാ മിഷൻലീഗ് അംഗങ്ങളും വരുന്ന ആറുമാസംകൊണ്ട് തങ്ങളുടെ ചെറിയ ത്യാഗപ്രവൃത്തികളിലൂടെയും ചെറിയ സമ്പാദ്യങ്ങളിലൂടെയും സമാഹരിക്കുന്ന തുക ഉപയോഗിച്ച് ഇടവകയ്ക്ക് ഉള്ളിൽ തന്നെ ഏതെങ്കിലും അർഹതപ്പെട്ട കുടുംബത്തിന് അനുയോജ്യമായ ഒരു നന്മ ചെയ്തു കൊടുക്കാൻ ഉതകുന്ന രീതിയിലാണ് ഈ പരിപാടി വിഭാവനം ചെയ്തിരിക്കുന്നത്.

NB: ഇത് ഒരു പിരിവോ, നിർബന്ധിത പ്രോഗ്രാമോ അല്ല എന്ന് പ്രത്യേകം ഓർമിപ്പിക്കുന്നു. മറിച്ച് നമ്മുടെ ചില ത്യാഗങ്ങൾക്കൊണ്ട് ഒരു പൊതുനന്മ ഉണ്ടാകുക എന്ന ലക്ഷ്യം മാത്രം.

*CML 47/2021* **തറയിൽ പിതാവിനോടൊപ്പം... സഭയുടെ ഭാവി കുട്ടികളിൽ**

ജൂലൈ 20-ന് സംഘടിപ്പിച്ച സഭയും കുട്ടികളും എന്ന വിഷയത്തിലെ വെബിനാറിൽ ചങ്ങനാശ്ശേരി അതിരൂപത സഹായമെത്രാൻ മാർ തോമസ് തറയിൽ കുട്ടികളോട് സംസാരിച്ചു. രൂപതയിലെ വിവിധ ഇടവകകളിൽനിന്നായി വൈദികരും സന്യസ്തരുമടക്കം ഇരുന്നൂറോളം പേർ വെബിനാറിൽ പങ്കെടുത്തു. നാളത്തെ സഭയ്ക്കും സമൂഹത്തിനും കുട്ടികൾ നൽകേണ്ട സംഭാവനകളെപ്പറ്റിയുള്ള തന്റെ പ്രതീക്ഷകൾ അഭിവന്ദ്യ പിതാവ് പങ്കുവെച്ചു.

*CML 48/2021* **Happiness Project**

KCYM-നോടും പ്രോലൈഫ് മിനിസ്ട്രിയോടും ചേർന്ന് രൂപതാ തലത്തിൽ സംഘടിപ്പിച്ച webinar ആണിത്. ഗർഭഛിദ്രം, ലിവിംഗ് ടുഗദർ തുടങ്ങിയ കാര്യങ്ങളെ സഭ എങ്ങനെയാണ് കാണുന്നതെന്നും കുടുംബ ബന്ധങ്ങൾക്കും ഉദരത്തിലുള്ള ശിശുവിനുമൊക്കെ സഭ എത്രമാത്രം പ്രാധാന്യം കൊടുക്കുന്നു എന്നും ഡോ. മാമൻ പി. ചെറിയാൻ, ശ്രീ. ഡിനോ പോൾ, ശ്രീമതി ടിന്റു സോണി എന്നിവർ സംസാരിച്ചു. 500- ഓളം പേർ പങ്കെടുത്തു.

*CML 49/2021* **ശാഖ മേഖല തിരഞ്ഞെടുപ്പുകൾ**

ശാഖ തിരഞ്ഞെടുപ്പുകൾ ഇതുവരെയും പൂർത്തിയാക്കാത്ത ഏതെങ്കിലും ശാഖ ഉണ്ടെങ്കിൽ എത്രയും പെട്ടെന്ന് പൂർത്തിയാക്കാൻ ശ്രദ്ധിക്കുമല്ലോ. മേഖല തിരഞ്ഞെടുപ്പുകൾ ഓഗസ്റ്റ് 8-ന് മുൻപ് നടത്താനും ഓർക്കുമല്ലോ.

*CML 50/2021* **വി. അൽഫോൻസാമ്മയുടെ തിരുനാൾ**

രൂപതാതലത്തിൽ വി. അൽഫോൻസാമ്മയുടെ തിരുനാളാഘോഷം youtube മുഖേന നടന്നു. കോതമംഗലം മേഖലയുടെ ആഭിമുഖ്യത്തിൽ നടന്ന പ്രോഗ്രാമിൽ മേഖലയിലെ വിവിധ ശാഖകളിൽ നിന്നുള്ള കുട്ടികൾ പരിപാടികൾ അവതരിപ്പിച്ചു. രൂപതാ ഡയറക്ടർ

ഫാ. വർഗീസ് പാറമേൽ, കോതമംഗലം മേഖലാ ഡയറക്ടർ ഫാ. തോമസ് ചെറുപറമ്പിൽ തുടങ്ങിയവർ സംസാരിച്ചു.

*CML 51/2021* **സ്നേഹപൂർവ്വം നന്ദി**

2018-2021 കാലഘട്ടത്തിൽ സംഘടനയുടെ ചരിത്രത്തിൽ സുവർണ്ണലിപികളിൽ എഴുതപ്പെടാവുന്ന രീതിയിൽ മിഷൻലീഗ് രൂപതാ കുടുംബത്തെ മുന്നോട്ട് നയിച്ച രൂപതാ ഡയറക്ടർ റവ. ഫാ. സിറിയക് കോടമുള്ളിലിനും ജോ. ഡയറക്ടർ സി. റെറ്റി F.C.C. -ക്കും സ്നേഹപൂർവ്വം നന്ദി പറയുന്നു.

*CML 52/2021* **സ്വാഗതം**

ഏറെ ചുറുചുറുക്കോടെ, തീക്ഷ്ണതയോടെ പ്രാർത്ഥനാ ചൈതന്യത്തോടെ സംഘടനയെ നയിക്കാൻ കടന്നുവന്നിരിക്കുന്ന രൂപതാ ഡയറക്ടർ ഫാ. വർഗീസ് പാറമേലിനും ജോ. ഡയറക്ടർ സി. ഫിലോറാണി വാണിയപ്പുരയിൽ S.A.B.S.-നും രൂപതാ കുടുംബത്തിലേക്ക് സ്വാഗതം.

*Director*

---

## ഫാമിലി അപ്പോസ്തലേറ്റ്

*FA 10/2021* **ഹൃദ്യമായ സ്വാഗതം**

ഫാമിലി അപ്പോസ്തലേറ്റ് രൂപത ഡയറക്ടറായി ഉത്തരവാദിത്വം ഏറ്റെടുത്ത ബഹു. ജോർജ് കുരിശുംമൂട്ടിലച്ചനും അസി. ഡയറക്ടർ ബഹു. ജോസ് ചിരപറമ്പിലച്ചനും ഹൃദയപൂർവകമായ സ്വാഗതം.

*FA 11/2021* **കൃതജ്ഞതയുടെ നറുമലരുകൾ**

5 വർഷത്തെ സ്തുത്യർഹമായ സേവനത്തിനുശേഷം ഫാമിലി അപ്പോസ്തലേറ്റിൽ നിന്നും മാറി കീരമ്പാറ ഇടവക വികാരിയായ ബഹു. സെബാസ്റ്റ്യൻ വലിയതാഴത്തച്ചന് കൃതജ്ഞതയുടെ നറുമലരുകൾ.

*FA 12/2021* **വിവാഹ ഒരുക്ക സെമിനാർ**

ഓഗസ്റ്റ് മാസത്തിലെ വിവാഹ ഒരുക്ക സെമിനാർ 13, 14, 15 തീയതികളിലായിരിക്കും. ഓഗസ്റ്റ് 2-നാണു ബുക്കിംഗ് ആരംഭിക്കുന്നത്.

*FA 13/2021* **ജൂബിലി ദമ്പതീ സംഗമം**

ഒക്ടോബറിൽ നടത്താറുള്ള ജൂബിലി ദമ്പതീ സംഗമം ഈ വർഷവും നടത്താൻ ആഗ്രഹിക്കുന്നു. 1971 -ലും 1996 -ലും വിവാഹിതരായ ദമ്പതിമാരുടെ ലിസ്റ്റ് ഫാമിലി അപ്പോസ്തലേറ്റ് ഭാരവാഹികൾ വഴി NESTT ഫാമിലി അപ്പോസ്തലേറ്റ് ഓഫീസിൽ എത്തിക്കാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

*Director*

# പിതൃവേദി

*PV 3/2021* **രൂപതാ സമിതി**

പിതൃവേദിയുടെ എക്സിക്യൂട്ടീവ് മീറ്റിംഗ് ജൂലൈ 19-ന് തിങ്കളാഴ്ച 5 മണിക്ക് ഓൺലൈനിലൂടെ കൂടുകയുണ്ടായി.

*Director*

# മാതൃവേദി

*MV 15/2021* **ബൈബിൾ പകർത്തിയെഴുത്തു മത്സരവിജയികൾ**

മാതൃവേദി രൂപതാടിസ്ഥാനത്തിൽ നടത്തിയ ബൈബിൾ പകർത്തിയെഴുത്തു മത്സരത്തിന്റെ ഫലപ്രഖ്യാപനം നടത്തി.

Category A - അമ്മമാർ, Category B - പിതാക്കന്മാർ, Category C - യുവജനങ്ങളും കുട്ടികളും, Category D - കുടുംബ ബൈബിൾ എന്നിങ്ങനെ നാലു Category-കൾ ആയിട്ടാണ് മത്സരം നടത്തിയത്.

**മത്സരഫലം**

**A Category**

1st മേരി ഷിജു പുത്തൻപുരക്കൽ, ആയവന
2nd ആനീസ് ജോസ് തെക്കെക്കുന്നേൽ, മാറാടി
3rd ഗ്രേസി പീറ്റർ നെടുമ്പുറം, കുറുപ്പംപടി

**B Category**

1st ജോസ് K.C. കോമത്ത്, നാടുകാണി

2nd ജിബോയിച്ചൻ ജോൺ വടക്കൻ, ചെപ്പുകുളം
3rd ജോളി V. A. വാളോത്തിൽ, ചെപ്പുകുളം

**C Category**

1st അഞ്ജലി സക്കറിയാസ് പേണ്ടാനത്ത്, പെരുമ്പല്ലൂർ
2nd അൽസ ഷിബു തടത്തിൽ, മാറാടി
3rd അലീഷ ജോജോ വടക്കുംപാടം, ബസ്ലേഹം
3rd അയന മനോജ് വലിയമുറുതാങ്കൽ, കുളപ്പുറം

**D Category**

1st ജേക്കബ് ഉലഹന്നാൻ ഇളയച്ചാനിക്കൽ, നെയ്യശ്ശേരി
2nd സിബിമോൻ ജോസഫ് കരോട്ടേക്കച്ചിറ, കുറുപ്പംപടി
3rd സോമി ജോസഫ് പുളിയംപിള്ളിൽ, കൊടുവേലി

*MV 16/2021* **യാത്രാമംഗളങ്ങൾ**

മാതൃവേദി രൂപതാ ഡയറക്ടർ ആയി, മാതാക്കളുടെ ആത്മീയ ഉണർവ് ലക്ഷ്യമാക്കി നേതൃത്വം നൽകിയ ബഹു. ജോർജ് മലേപറമ്പിൽ അച്ചന് ഊഷ്മളമായ യാത്രയയപ്പു നൽകി.

*MV 17/2021* **ഹൃദ്യമായ സ്വാഗതം**

രൂപത മാതൃവേദിയുടെ രൂപതാ ഡയറക്ടർ ആയി ചാർജ്ജ് എടുത്ത റവ. ഫാ. ജോർജ് കുരിശുംമൂട്ടിലിനു ഏറ്റവും ഹൃദ്യമായ സ്വാഗതം ആശംസിച്ചു.

*MV 18/2021* **അന്തർദേശീയ മാതൃവേദിയൊരുക്കുന്ന ലേഖനരചനാമത്സരം**

ഇടവക, ഫൊറോന, രൂപത തലങ്ങളിൽ മത്സരം നടത്തി കേന്ദ്ര സമിതിയിൽ സെപ്റ്റംബർ 1-ന് മുമ്പായി എത്തിക്കണം.

**വിഷയം:** വി. യൗസേപ്പിതാവ്

നിബന്ധനകൾ

1 മാതൃവേദി അംഗങ്ങൾക്കാണ് മത്സരങ്ങൾ സംഘടിപ്പിക്കുക.

2 "വി. യൗസേപ്പിതാവ്" എന്നാണ് വിഷയമെങ്കിലും രചനയ്ക്ക് പറ്റും വിധം ഉപശീർഷകം എഴുതി രചന ആരംഭിക്കാം.

3 ലേഖനങ്ങൾ A4 ഷീറ്റിൽ 5 പുറത്തിൽ കവിയാതെ എഴുതുക. ഓരോ പേജിലും 20 വരികൾ ഉണ്ടാകേണ്ടതാണ്.

4 ലേഖനങ്ങൾ മൗലികവും സ്വതന്ത്രവുമായ രചനകൾ ആയിരിക്കണം.

5 ലേഖനങ്ങൾ തിരിച്ചു ലഭിക്കുന്നതല്ല.

6 ലേഖനങ്ങൾ വായിക്കാൻ തക്കവിധത്തിൽ clarity ഉണ്ടായിരിക്കണം.

7 ലേഖന പേജുകളിൽ നിങ്ങളുടെ പേരോ, അഡ്രസ്സോ എഴുതാൻ പാടില്ല.

8 രചനകൾ ഇംഗ്ലീഷ്/മലയാളം ഭാഷകളിൽ അയയ്ക്കാവുന്നതാണ്.

9 ഇടവകയിൽ നിന്നും ലഭിച്ച ലേഖനങ്ങളിൽനിന്നും മികച്ച രണ്ടെണ്ണം ഫൊറോന ഭാരവാഹികൾ രൂപതാസമിതിയിലേക്ക് (NESTT Office) ആഗസ്റ്റ് 15-നകം എത്തിക്കുക.

*Director*

# മദ്യവിരുദ്ധസമിതി

*MVS 1/2021* **യാത്രയയപ്പ്, ചാർജ് എടുക്കൽ**

കെ.സി.ബി.സി മദ്യവിരുദ്ധ സമിതി കോതമംഗലം രൂപതാഡയറക്ടറായി 3 വർഷം സേവനമനുഷ്ഠിച്ച ബഹു. ജോസഫ് മക്കോളിൽ അച്ചന് രൂപതാകമ്മിറ്റി നന്ദിയും പ്രാർത്ഥനാശംസകളും നേർന്നു.

പുതിയ ഡയറക്ടറായി നിയമിതനായിരിക്കുന്ന ബഹു. ജെയിംസ് ഐക്കരമറ്റം അച്ചൻ ചാർജെടുത്തു. അച്ചന് സ്നേഹോഷ്മളമായ സ്വാഗതവും ദൈവാനുഗ്രഹവും ആശംസിച്ചു.

തൊടുപുഴ വിജ്ഞാനമാതാപള്ളിയിൽ ചേർന്ന രൂപതാകമ്മിറ്റി യോഗത്തിൽ രൂപതാപ്രസിഡന്റ് ജെയിംസ് കോറമ്പേൽ അദ്ധ്യക്ഷത വഹിച്ചു. റവ. ഫാ. ജോസഫ് മക്കോളിൽ, റവ. ഫാ. ജെയിംസ് ഐക്കരമറ്റം, ജോണി കണ്ണാടൻ, ജോസ് കൈതമന, ജോബി ജോസഫ് എന്നിവർ പ്രസംഗിച്ചു, ആശംസകളർപ്പിച്ചു.

*Director*

# ദീപിക ഫ്രണ്ട്സ് ക്ലബ്ബ്

*DFC 24/2021* **സംസ്ഥാന സമിതി യോഗം**

DFC സംസ്ഥാന സമിതിയോഗം 22-06-2021-ന് zoom meet വഴി ചേർന്നു. സംസ്ഥാന പ്രസിഡന്റ് സണ്ണി പുളിങ്കാല അദ്ധ്യക്ഷത വഹിച്ച യോഗം സംസ്ഥാന ഡയറക്ടർ ഫാ. റോയി കണ്ണൻചിറ ഉദ്ഘാടനം ചെയ്തു. ദീപിക GM (Cir.) ഫാ. ജിനോ പുന്നമറ്റത്തിൽ, എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. സി. സി. ജോൺ തുടങ്ങിയവർ സംസാരിച്ചു. കോതമംഗലം രൂപതാ ഡയറക്ടർ ഫാ. ജോസ് കിഴക്കേലിന്റെ നേതൃത്വത്തിൽ എല്ലാ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളും യോഗത്തിൽ പങ്കെടുത്തു. സംസ്ഥാനതല അവലോകനത്തിൽ കോതമംഗലം രൂപത 3-ാം സ്ഥാനം നിലനിർത്തി.

*DFC 25/2021* **രൂപതാ എക്സിക്യൂട്ടീവ് യോഗം**

ജൂൺ മാസത്തിലെ രൂപതാ എക്സിക്യൂട്ടീവ് 29-06-2021-ന് പൈങ്ങോട്ടൂർ പള്ളിഹാളിൽ യോഗം ചേർന്നു. Lockdown കാലയളവിൽ മുടങ്ങിക്കിടന്ന പ്രവർത്തനങ്ങൾ ഊർജ്ജിതമായി പുനരാരംഭിക്കാൻ യോഗം തീരുമാനിച്ചു.

*Co-ordinator*

# യുവദീപ്തി - KCYM

*YD 28/2021* **സ്വാഗതം**

യുവദീപ്തി - KCYM കോതമംഗലം രൂപതയുടെ ഡയറക്ടറായി നിയമിതനായ ബഹു. സെബാസ്റ്റ്യൻ വള്ളോപ്പിള്ളിൽ അച്ചനും രൂപത ആനിമേറ്ററായി നിയമിതയായ സി. സ്റ്റെല്ല ചിറ്റേടത്തുകുന്നേൽ SABS-നും സ്വാഗതം.

*YD 29/2021* **നന്ദി**

കഴിഞ്ഞ 3 വർഷക്കാലം KCYM ൽ രൂപത ഡയറക്ടറായി

സേവനം ചെയ്തശേഷം കോതമംഗലം രൂപതയുടെ സാമൂഹ്യസേവനവിഭാഗം ഡയറക്ടറായി സ്ഥാനമേറ്റ റവ. ഫാ. സിറിയക് ഞാളൂരിനും കഴിഞ്ഞ 2 വർഷക്കാലത്തെ സേവനത്തിനുശേഷം ആലുവ FCC ജനറലേറ്റിലേക്ക് സ്ഥലംമാറിപ്പോയ റവ. സി. റെനിറ്റ് FCC യ്ക്കും പ്രാർത്ഥനകളും ആശംസകളും.

*YD 30/2021* **We Are With You**

രാജ്യത്ത് ക്രൈസ്തവർക്കുനേരെ നടക്കുന്ന അതിക്രമങ്ങൾക്കെതിരെ 2021 ജൂലൈ 18 ഞായറാഴ്ച രൂപതയിലെ യുവജനങ്ങൾ രാത്രി 8.00 മണിക്ക് 2 മിനിറ്റു നേരത്തേക്ക് ഭവനങ്ങളിൽ വൈദ്യുതി വിളക്കുകൾ അണച്ച് പ്രതിഷേധിച്ചു. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ മിഷൻപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് we are with you ക്യാമ്പെയ്ൻ നടത്തി. അതോടൊപ്പം മെഴുകുതിരികൾ തെളിച്ച് വിശ്വാസപ്രമാണം ചൊല്ലി നാം എല്ലാവരും മിഷനറിമാരാണ് എന്ന് ഏറ്റുപറഞ്ഞു. രൂപതയിലെ നൂറുകണക്കിന് യുവജനങ്ങളും, വൈദികരും, സിസ്റ്റേഴ്സും, മാതാപിതാക്കളും, കുട്ടികളും പ്രതിഷേധ സദസ്സിൽ അണിചേർന്നു.

*Director*

## ജീസസ് യൂത്ത്

*JY 44/2021* **JesusYouth Household**

ജൂലൈ 11-ന് ജീസസ് യൂത്ത് ഹൗസ്ഹോൾഡ് കൂട്ടായ്മ Google Meet -ൽ നടത്തി. സബ്സോൺ തിരിച്ചാണ് ഹൗസ്ഹോൾഡ് നടത്തപ്പെട്ടത്.

*JY 45/2021* **Central Prayer Gathering (CPG)**

എല്ലാ ഞായറാഴ്ചയും വൈകിട്ട് 5 മണിക്ക് Central Prayer Gathering ഗൂഗിൾ മീറ്റിൽ നടക്കുന്നു.

*JY 46/2021* **Night Vigil**

ജൂലൈ 19-ന് കോതമംഗലം സോണിന്റെ നൈറ്റ്‌വിജിൽ 8.00 pm-ന് ഗൂഗിൾ മീറ്റിൽ നടത്തപ്പെട്ടു.

*JY 47/2021* **Formation Course Orientation**

ജീസസ് യൂത്ത് ഫോർമേഷൻ കോഴ്സ് ആയ എമ്മാവൂസ് കോഴ്സിന്റെ ഓറിയന്റേഷൻ July 18 -ന് zoom meet വഴി നടത്തപ്പെട്ടു. July 25-ന് എമ്മാവൂസ് കോഴ്സ് ആരംഭിച്ചു.

*JY 48 /2021* **Intercession**

കോതമംഗലം സോണിന്റെ intercession-ന്റെ ഭാഗമായി "Movement of Grace" എന്ന പേരിൽ എല്ലാ തിങ്കളാഴ്ചയും വെള്ളിയാഴ്ചയും 9.30 pm മുതൽ 10.00 pm വരെ കോതമംഗലം സോണിനു വേണ്ടി അഡോറേഷൻ ഗൂഗിൾ മീറ്റിൽ നടത്തപ്പെടുന്നു.

*JY 49/2021* **നല്ല അയൽക്കാരൻ**

ജീസസ് യൂത്ത് നല്ല അയൽക്കാരൻ പ്രൊജക്ടിന്റെ ഭാഗമായി ഒത്തിരി ആളുകളിലേക്ക് കടന്നുചെല്ലാൻ സാധിച്ചു. ഫിനാൻഷ്യൽ സപ്പോർട്ട് ആവശ്യമുള്ളവർക്ക്, കഴിയുന്ന രീതിയിൽ സഹായിക്കാനും, കുട്ടികൾക്ക് പഠനോപകരണങ്ങൾ വാങ്ങിച്ചു കൊടുക്കാനും അവർക്ക് ആവശ്യമായിട്ടുള്ള മൊബൈൽ ഫോൺ വാങ്ങിച്ചു കൊടുക്കാനും സാധിച്ചു.

*JY 50/2021* **Parish Gathering**

"Filament: Let it shine Bright" എന്ന പേരിൽ ജൂലൈ 24-ന് 5 pm-ന് പല ഇടവകകളിൽ ഉള്ളവർ ഒരുമിച്ച് ഗൂഗിൾ മീറ്റിൽ ഒത്തുചേർന്നു.

*JY 51/2021* **All Kerala Update**

**Council Ministry Team Training**

ജൂലൈ 17, 18 തീയതികളിൽ ഓൾ കേരള ടീം ഒരുക്കിയ മിനിസ്ട്രി ട്രെയിനിംഗിന്റെ ഭാഗമാകാൻ കോതമംഗലം സോണൽ കൗൺസിലിന് സാധിച്ചു. ജൂലൈ 14-ന് കേരളത്തിലെ എല്ലാ ജീസസ് യൂത്ത് ലീഡേഴ്സും പങ്കെടുത്ത Mega Gathering-ന്റെ ഭാഗമാകാനും കോതമംഗലം സോണൽ കൗൺസിലിന് സാധിച്ചു.

**Mission Prayer Day**

കേരളത്തിലെ ജീസസ് യൂത്തുകൾ മുഴുവൻ ജൂലൈ 2 മിഷൻ പ്രെയർ ഡേ ആയി ആചരിച്ചു. മിഷൻ പ്രെയർ ഡേയുടെ ഭാഗമായി കോതമംഗലം സോണിലും ഗ്യാതറിംഗ് സംഘടിപ്പിക്കാൻ സാധിച്ചു.

**All Kerala Kairos Team**

കോതമംഗലം സോണിന്റെ ഭാഗമായ Fr. Mathew Mundackal ജീസസ് യൂത്ത് ഓൾ കേരള കെയ്റോസ് ടീമിന്റെ ചാപ്ലിൻ ആയി തിരഞ്ഞെടുക്കപ്പെട്ടു.

**All Kerala Mission Team**

കോതമംഗലം സോണിന്റെ ഭാഗമായുള്ള Anto Thomas ജീസസ് യൂത്ത് ഓൾ കേരള മിഷൻ ടീമിന്റെ കോ-ഓർഡിനേറ്ററായും Sr. Ruby Kakkanattu SD ടീമിന്റെ ആനിമേറ്ററായും Albin Thomas ടീമിന്റെ ഭാഗമായും തിരഞ്ഞെടുക്കപ്പെട്ടു.

*JY 52/2021* **Kothamangalam Zone Ministry Reconstitution 2021 - 23**

**Anointing**

ജൂൺ 25 നമ്മുടെ സോണിന്റെ എല്ലാ മിനിസ്ട്രികളുടെയും അനോയിന്റിംഗ് ഗൂഗിൾ മീറ്റിൽ നടത്തപ്പെട്ടു.

**Zonal Council**

ജെബിൻ ജോസ് ജോൺ കോ-ഓർഡിനേറ്ററായും കെവിൻ ജോസഫ് അസിസ്റ്റന്റ് കോ-ഓർഡിനേറ്ററായും ലിഡിയാ തെരേസ് പയസ്, സിബിൻ ജോസ്, അലീന മാത്യു, ആൻ മരിയ മാനുവൽ, ജെസ്റ്റിന ജോസ്, ജോബി ജെയിംസ്, റിന്റോ ചാണ്ടി & ടീനു ജോർജ് (ഫാമിലി), ബെന്നി ജേക്കബ് മാട്ടേൽ (ആനിമേറ്റർ), Sr. ഷീൻ മരിയ CHF (ആനിമേറ്റർ), Fr. പോൾ കാരക്കൊമ്പിൽ (ചാപ്ലിൻ) എന്നിവർ ജീസസ് യൂത്ത് കോതമംഗലം കൗൺസിലിന്റെ ഭാഗമായി തിരഞ്ഞെടുക്കപ്പെട്ടു.

**Kids Team**

ബെനില ബെന്നി കോ-ഓർഡിനേറ്ററായും ജോസഫ് ജിൻസൺ അസിസ്റ്റന്റ് കോ-ഓർഡിനേറ്ററായും ജിറ്റോ ജിജി, ഡോണ സാബു, ആനിമോൾ ടി.എസ്, ജോജി ജോൺ, ഷെറിൻ അൽഫോൻസ്, ജോമോൻ എബ്രഹാം, അബി & റൈമ മുണ്ടയ്ക്കൽ (ഫാമിലി), Sr. ലിസ്നി SD (ആനിമേറ്റർ) എന്നിവർ കിഡ്സ് ടീമിന്റെ ഭാഗമായി തിരഞ്ഞെടുക്കപ്പെട്ടു.

## Teens Team

അജയ് പയസ് കോ-ഓർഡിനേറ്ററായും ജിയോണ ജോണി അസിസ്റ്റന്റ് കോ-ഓർഡിനേറ്ററായും റെയ്സൺ ജോണി, അൽഫി പോൾ, ജിയോ റെജി, റോസ്ന ബാബു, അനഘ ജോൺ, അഷ്ന ചാക്കോ, ജിബിൻ ജെയ്സൺ, ബെസ്റ്റിൻ ജോർജ്, Bijo Cyriac & Ashna Bijo (ഫാമിലി), Sr. സാനിയ SABS (ആനിമേറ്റർ) എന്നിവർ റ്റീൻസ് ടീമിന്റെ ഭാഗമായി തിരഞ്ഞെടുക്കപ്പെട്ടു.

## Campus Team

അലക്സ് തോമസ് കോ-ഓർഡിനേറ്ററായും, ഷെഫി ആഗസ്റ്റിൻ അസിസ്റ്റന്റ് കോ-ഓർഡിനേറ്ററായും അരുൺ ജോർജ്, ജോസിൻ ജൈജു, ഡേയ്സൺ ക്രിസ്റ്റി, ട്രീസ മരിയ ജോഷി, റിജിൽ റോജി, സോനാ ബെന്നി, റോയെസ് ഷാജി, ആൻമരിയ ബിജു, ആൻമരിയ മാനുവൽ, സുനിലി ബോസ് (എൽഡർ ), Sr. എമി ടോം CMC (ആനിമേറ്റർ), എന്നിവർ ക്യാമ്പസ് ടീമിന്റെ ഭാഗമായി തിരഞ്ഞെടുക്കപ്പെട്ടു.

## Intercession Team

സഖറിയ റെജി കോ-ഓർഡിനേറ്ററായും ആഗ്നസ് റെജി അസിസ്റ്റന്റ് കോ-ഓർഡിനേറ്ററായും റോമൽ റോയ്, നയന സാബു, അലൻ ബിജു, അനുജ മേരി ജോൺ, എലിസബത് ജോഷി, സോണി വർഗീസ്, ഐവിൻ സാബു, അലീന മാത്യു, അന്സു ഷിബു (എൽഡർ), ജെറിൻസ് കെ. ജോയ് (എൽഡർ), Sr. റൂബി കാക്കനാട്ട് SD (ആനിമേറ്റർ) എന്നിവർ ടീമിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു.

## Parish Ministry

മാത്യു തോമസ് കോ-ഓർഡിനേറ്ററായും ആൽവിൻ ജോസ് അസിസ്റ്റന്റ് കോ-ഓർഡിനേറ്ററായും സിറിൽ, അലോഷി, ഗംഗ ജോണി, ഡെൽസ ജോസ്, കേസിയ റോക്കി, അജിൽ മനു സാജൻ, സിബി കെ.ജോസ് (എൽഡർ), Sr. സൂസൻ മരിയ CHF (ആനിമേറ്റർ) എന്നിവർ പാരീഷ് ടീമിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു.

## Media Team

ആൽവിൻ ടോമി കോ-ഓർഡിനേറ്ററായും ജെറോമി തോമസ് അസിസ്റ്റന്റ് കോ-ഓർഡിനേറ്ററായും ലിയോണ ജോണി, റോമൽ റോയ്, റെയ്സൺ ജോണി, ലിയോ ജോയ്, സുനീഷ് സെബാസ്റ്റ്യൻ (എൽഡർ) എന്നിവർ മീഡിയ ടീമിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു.

## Music Ministry

ടോണിൻ ജോയ് കോ-ഓർഡിനേറ്ററായും അഖിൽ ടോം അസിസ്റ്റന്റ് കോ-ഓർഡിനേറ്ററായും എസ്ജോ, അലൻ ജിയോ ഷാജു, ജോസഫ് ബിനു ചാക്കോ, ഐശ്വര്യ റോബി, സാന്ദ്ര ബിനോയ്, അഞ്ജലി ബിജു, ബ്ലെസ്സൺ തോമസ്, സി. ജൂലി ഗ്രേസ് SD (ആനിമേറ്റർ) എന്നിവർ മ്യൂസിക് ടീമിലേക്ക് തെരഞ്ഞെടുക്കപ്പെട്ടു.

*Animator*

---

# കത്തോലിക്കാ കോൺഗ്രസ്

---

*CC 8/2020* **കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ**

1. രൂപതാദ്ധ്യക്ഷൻ അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവിന്റെ നിർദ്ദേശാനുസരണം ഇടവകകളിൽ വികാരിയച്ചന്മാരോട് ചേർന്ന് ഇതര സംഘടനകളുടെ സഹകരണത്തോടുകൂടി ഡിസാസ്റ്റർ മാനേജ്മെന്റ് ടീമുകൾ രൂപീകരിക്കുകയും സന്നദ്ധ പ്രവർത്തനങ്ങളിൽ പങ്കാളികളാകുകയും ചെയ്തു.

2. ഗ്ലോബൽ സമിതിയുടെ നിർദ്ദേശാനുസരണം ഇടവകകളിൽ കോവിഡ് ആക്ഷൻ പ്ലാനുകൾ തയ്യാറാക്കുന്നതിന് വേണ്ട ക്രമീകരണങ്ങൾ ചെയ്തു. ഇടവകകളിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള ഡിസാസ്റ്റർ മാനേജ്മെന്റ് ടീമുകളുമായി ഒത്തുചേർന്ന് പ്രവർത്തിക്കുന്ന കോവിഡ് ടാസ്ക് ഫോഴ്സുകൾ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചു. തൊടുപുഴ ടൗൺ പള്ളിയോട് ചേർന്നുള്ള കെട്ടിടത്തിലെ രൂപതാതല ഓഫീസിന്റെ ഉദ്ഘാടനം രൂപത ഡയറക്ടർ റവ. ഡോ. തോമസ് ചെറുപറമ്പിലും വെഞ്ചരിപ്പ് തൊടുപുഴ ഫൊറോന ഡയറക്ടർ റവ. ഡോ. ജിയോ തടിക്കാട്ടും നിർവ്വഹിച്ചു. ഫൊറോന തലത്തിൽ കോവിഡ് ആക്ഷൻ ഫോഴ്സ് ടീമുകൾക്ക് ട്രെയിനിംഗുകൾ നടത്തി.

3. രൂപതയിലെ വിവിധ പ്രദേശങ്ങളിൽ കത്തോലിക്ക കോൺഗ്രസ് അംഗങ്ങൾ സന്നദ്ധ പ്രവർത്തനങ്ങൾ നടത്തി. ഭക്ഷണ സാധനങ്ങളും, നിത്യോപയോഗ സാധനങ്ങളും മരുന്നുകളും മറ്റ് അവശ്യവസ്തുക്കളും എത്തിച്ചു കൊടുക്കുകയും ചെയ്തു. കോതമംഗലം ഫൊറോന സമിതിയുടെ നേതൃത്വത്തിൽ 15 ടൺ അരി ഫൊറോനയിലെ ഇടവക

കളിലെ ഇടത്തരം ആളുകൾക്ക് എത്തിച്ചു കൊടുത്തു. കരിമണ്ണൂർ ഫൊറോനയിലെ വിവിധ ഇടവകകളിൽ ഭക്ഷ്യകിറ്റുകൾ എത്തിച്ചു നൽകി. പൈങ്ങോട്ടൂർ ഇടവകയിൽ ഓട്ടോറിക്ഷാ ഡ്രൈവർമാർക്ക് ആടുകളെ വിതരണം ചെയ്യുകയും മുനമ്പത്ത് ഒരു ലോഡ് പച്ചക്കറിയും മറ്റു സാധനങ്ങളും എത്തിച്ചു നൽകുകയും ചെയ്തു. വാഴക്കുളം ഇടവക 500 കിലോ പൈനാപ്പിൾ സംഭരിച്ച് കോതമംഗലം രൂപത സോഷ്യൽ സർവ്വീസ് സൊസൈറ്റി വഴി ആലപ്പുഴയിൽ വിതരണം ചെയ്തു. ഗ്ലോബൽ സമിതി വഴി ദുബായിലുള്ള കത്തോലിക്ക കോൺഗ്രസ് അംഗങ്ങൾ എത്തിച്ചു നൽകിയ ഓക്സീമീറ്ററുകൾ വിതരണം നടത്തി.

*CC 9/2020* **ഏകോപന സമിതിയോഗം**

കത്തോലിക്ക കോൺഗ്രസ് കോതമംഗലം രൂപത സമിതിയുടെ ആഭിമുഖ്യത്തിൽ രൂപതയിലെ മാതൃവേദി, KCSL, CML, കുടുംബകൂട്ടായ്മ, പിതൃവേദി, വിൻസെന്റ് ഡി. പോൾ സൊസൈറ്റി, KLM, DFC, ഇൻഫാം, DCMS, ജീസസ് യൂത്ത്, ടീച്ചേഴ്സ് ഗിൽഡ് തുടങ്ങിയ സംഘടനകളുടെ ഏകോപന സമിതി യോഗം അഭിവന്ദ്യ മാർ ജോർജ് മഠത്തിക്കണ്ടത്തിൽ പിതാവ് ഉദ്ഘാടനം ചെയ്തു.

ന്യൂനപക്ഷ ആനുകൂല്യങ്ങളുടെ, പ്രത്യേകിച്ച് സ്കോളർഷിപ്പുകളുടെയും മറ്റു ധനസഹായങ്ങളുടെയും, വിതരണത്തിലെ അനീതിക്കെതിരെയുള്ള ഹൈക്കോടതി വിധി ഉടൻ നടപ്പിലാക്കണമെന്നും വിധിയുടെ അടിസ്ഥാനത്തിൽ ന്യൂനപക്ഷ വകുപ്പു വഴിയുള്ള ആനുകൂല്യങ്ങൾ ജനസംഖ്യാനുപാതികമായി വിതരണം ചെയ്യാൻ അടിയന്തിര നടപടി സ്വീകരിക്കണമെന്നും കോതമംഗലം രൂപതയിലെ വിവിധ സംഘടനകളുടെ ഏകോപന സമിതിയോഗം സർക്കാരിനോട് ആവശ്യപ്പെട്ടു.

ക്രൈസ്തവ പിന്നാക്കാവസ്ഥ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് ആറു മാസം മുമ്പു നിയമിച്ചിട്ടുള്ള ജസ്റ്റീസ് ജെ.ബി. കോശി കമ്മീഷൻ പ്രവർത്തിക്കുന്നതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഇതുവരെ ഒരുക്കി നൽകാത്തത് പ്രതിഷേധാർഹമാണെന്നും കമ്മീഷൻ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുക്കുന്നതിന് മുഖ്യമന്ത്രി അടിയന്തിരമായി നടപടികൾ സ്വീകരിക്കണമെന്നും സമിതി ആവശ്യപ്പെട്ടു.

ന്യൂനപക്ഷ സമുദായമായ ക്രിസ്ത്യാനികളോട് വിവേചനത്തോടെയുള്ള പ്രവർത്തനങ്ങൾ അവസാനിപ്പിക്കണമെന്നും യോഗം ആവശ്യപ്പെട്ടു.

കത്തോലിക്ക കോൺഗ്രസ് രൂപത പ്രസിഡന്റ് ശ്രീ. ജോസ് പുതിയടം അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ രൂപത ഡയറക്ടർ റവ. ഡോ. തോമസ് ചെറുപറമ്പിൽ മോഡറേറ്ററായിരുന്നു.

ഹൈക്കോടതിയിൽ നീതിക്കുവേണ്ടി പോരാടിയ അഡ്വ. ജസ്റ്റിൻ പള്ളിവാതുക്കൽ, ശ്രീ. അമൽ സിറിയക് എന്നിവരെ യോഗത്തിൽ ആദരിച്ചു. ന്യൂനപക്ഷ ആനുകൂല്യങ്ങളിലെ പ്രശ്നങ്ങളെപ്പറ്റി അഡ്വ. ജസ്റ്റിൻ പള്ളിവാതുക്കലും ശ്രീ. അമൽ സിറിയക്കും ക്ലാസ്സുകൾ നയിച്ചു. കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ സമിതി പ്രസിഡന്റ് അഡ്വ. ബിജു പറയന്നിലം മുഖ്യപ്രഭാഷണം നടത്തി.

വികാരി ജനറാൾമാരായ മോൺ. ഫ്രാൻസീസ് കീരംപാറ, മോൺ. ചെറിയാൻ കാഞ്ഞിരക്കൊമ്പിൽ, നിയുക്ത വികാരി ജനറാൾ മോൺ. പയസ് മലേക്കണ്ടത്തിൽ, രൂപത ചാൻസലർ റവ. ഫാ. ജോസ് പുല്ലോപ്പിള്ളിൽ, വിവിധ സംഘടനകളുടെ ഡയറക്ടർമാർ, പ്രസിഡന്റുമാർ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

കത്തോലിക്ക കോൺഗ്രസ് രൂപത ജനറൽ സെക്രട്ടറി ജോൺ മുണ്ടൻകാവിൽ, ട്രഷറർ ജോയി പോൾ, ഗ്ലോബൽ സെക്രട്ടറി ഐപ്പച്ചൻ തടിക്കാട്ട്, രൂപത വൈസ് പ്രസിഡന്റ് സീന സാജു മുണ്ടക്കൽ, മാതൃവേദി പ്രസിഡന്റ് മിനി ജോസ്, കെ.സി.വൈ.എം രൂപത പ്രസിഡന്റ് ജിബിൻ താണിക്കമറ്റം, സി.എം.എൽ. രൂപത പ്രസിഡന്റ് കെവിൻ ജോസഫ്, കെ.എൽ.എം പ്രസിഡന്റ് അഡ്വ. തോമസ് മാത്യു, വിൻസെന്റ് ഡിപോൾ രൂപത സെക്രട്ടറി ജോസ് കുര്യൻ, പിതൃവേദി രൂപത പ്രസിഡന്റ് ജോസ് അബ്രാഹം, കുടുംബകൂട്ടായ്മ പ്രസിഡന്റ് ജോണി ഇലവുംകുടി, ഡി.സി.എം.എസ് പ്രസിഡന്റ് ജോളി ജോസഫ്, DFC പ്രസിഡന്റ് ടോം കല്ലറക്കൽ, ജീസസ് യൂത്ത് കോ-ഓർഡിനേറ്റർ ജെബിൻ ജോൺ, ഇൻഫാം പ്രസിഡന്റ് റോയി വള്ളമറ്റം, ടീച്ചേഴ്സ് ഗിൽഡ് രൂപത പ്രസിഡന്റ് സജി മഞ്ഞക്കടമ്പിൽ, രൂപത പി.ആർ.ഒ. ജോർജ്ജ് കേളകം തുടങ്ങിയവർ സംസാരിച്ചു.

*Director*

# കേരള ലേബർ മൂവ്മെന്റ്

*KLM 14/2021* **അനുമോദനങ്ങൾ, വിജയാശംസകൾ**

കേരള ലേബർ മൂവ്മെന്റ് രൂപതാ അസിസ്റ്റന്റ് ഡയറക്ടറായി നിയോഗിക്കപ്പെട്ടിരിക്കുന്ന ഫാ. ആന്റണി മാളിയേക്കലിന് കേരള ലേബർ മൂവ്മെന്റ് രൂപതാസമിതിയുടെ അനുമോദനങ്ങൾ ആശംസ കൾ.

*KLM 15/2021* **വർക്കേഴ്സ് കോ-ഓർഡിനേഷൻ കമ്മിറ്റി**

കേരള ലേബർമൂവ്മെന്റ് വർക്കേഴ്സ് കോ-ഓർഡിനേഷൻ കമ്മിറ്റി യോഗം 13-08-2021 വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 2.00 മണിക്ക് NESTT പാസ്റ്ററൽ സെന്ററിൽ ചേരുന്നതാണ്. എല്ലാ തൊഴിലാളി ഫോറ ങ്ങളുടെയും പ്രസിഡന്റ്, സെക്രട്ടറി എന്നിവർ പങ്കെടുക്കണം.

*KLM 16/2021* **നേതൃത്വപരിശീലന സെമിനാർ**

കേരള ലേബർ മൂവ്മെന്റ് കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന്റെ സഹകരണത്തോടെ വിവിധ തൊഴിൽ മേഖലകളിൽ പ്രവർത്തി ക്കുന്നവർക്കായി നേതൃത്വ പരിശീലന സെമിനാർ സംഘടിപ്പിക്കുന്നു. 40 പേർക്കാണ് ട്രെയിനിംഗിൽ പങ്കെടുക്കാവുന്നത്. ട്രെയിനിംഗിൽ പങ്കെടുക്കുന്നവർക്ക് 500 രൂപ സ്റ്റൈപൻഡായി ഇവരുടെ അക്കൗണ്ടിൽ നൽകുന്നതാണ്. താല്പര്യമുള്ളവർ രൂപതാ ലേബർമൂവ്മെന്റിന്റെ ഓഫീസുമായി ബന്ധപ്പെട്ട് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

*Director*

# തിരുനാൾ മംഗളങ്ങൾ

| | | | |
|---|---|---|---|
| Rev. Fr. | Athickal Pius | **August** | 21 |
| Rev. Msgr. | Malekandathil Pius | " | 21 |
| Rev. Fr. | Kunnappillil Augustine | " | 28 |
| " | Padinjarekutt Augustine | " | 28 |
| " | Vattakkatt Augustine | " | 28 |

# രൂപതാദ്ധ്യക്ഷന്റെ ഡയറി



**ജൂൺ 2021**

22 ● ലിറ്റർജി കമ്മീഷന്റെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

23 ● ക്ലെർജി കമ്മീഷന്റെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

25 ● ലിറ്റർജി കമ്മീഷന്റെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

26 ● ഡോക്ട്രൈനൽ കമ്മീഷന്റെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

27 ● യംഗ് പ്രീസ്റ്റിന്റെ ഓൺലൈൻ സംഗമത്തിൽ പങ്കെടുത്ത് ആശംസകളർപ്പിച്ചു.

**ജൂലൈ 2021**

2 ● വാഴക്കുളം സെന്റ് ജോർജ് കോളേജിന്റെ പുതിയതായി നിർമ്മിച്ച കെട്ടിടത്തിന്റെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു.

3 ● വാഴപ്പിള്ളി ശാന്തിനിലയം വൈദിക മന്ദിരത്തിലെ പുതിയ ബ്ലോക്കിന്റെ വെഞ്ചരിപ്പും ദൈവാലയ പ്രതിഷ്ഠയും നിർവഹിച്ചു.

8 ● ലിറ്റർജി കമ്മീഷന്റെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

11 ● ചെറുപുഷ്പ മിഷൻ ലീഗിന്റെ നേതൃത്വത്തിൽ ഓൺലൈനായി നടത്തപ്പെട്ട 'വലിയ കുടുംബങ്ങളുടെ സ്നേഹസംഗമം' എന്ന പരിപാടിയിൽ പങ്കെടുത്ത് ആശംസകളർപ്പിച്ചു.

● മീങ്കുന്നം ഇടവകാംഗമായ ബഹു. ജോസ് കുഴികണ്ണിയിൽ അച്ചന്റെ പിതാവ് മാത്യുവിന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

13 ● പെരിങ്ങഴ ഇടവകാംഗമായ ബഹു. ജോസ് പുല്ലോപ്പിള്ളിൽ അച്ചന്റെ പിതാവ് ജോസഫിന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു.

20 ● പുതുതായി ആരംഭിച്ച മൂവാറ്റുപുഴ നിർമ്മല സിവിൽ സർവീസ് അക്കാദമിയുടെ വെഞ്ചരിപ്പുകർമ്മം നിർവഹിച്ചു. ഉച്ചകഴിഞ്ഞ് നടന്ന ഉദ്ഘാടന സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചു.

# സന്യാസസമൂഹത്തിന്റെ പുതിയ സാരഥികൾ

## Provincial Officials of MSJ Kothamangalam

| | | |
|---|---|---|
| Provincial Superior | - | Sr. Lis Maria |
| Assistant Provincial Superior & Directress of Evangelization | - | Sr. Marija |
| Directress of Healing Mission | - | Sr. Abhaya |
| Directress of Formation | - | Sr. Therese Maria |
| Directress of Social Apostolate | - | Sr. Sruthi Jose |
| Provincial Procurator | - | Sr. Linda |
| Provincial Secretary | - | Sr. Sandra |

# നമ്മുടെ പ്രാർത്ഥനയിൽ ഓർക്കാം

| | | |
|---|---|---|
| ഫാ. ജോർജ് ചാത്തംകോട്ട് | ചരമദിനം | 04-09-1998 |
| ഫാ. ജോർജ് കൊച്ചുപറമ്പിൽ (Sr.) | ,, | 05-09-1986 |
| ഫാ. പോൾ മേക്കുന്നേൽ | ,, | 06-09-1956 |
| ഫാ. പോൾ മണ്ഡപം | ,, | 08-09-2005 |
| ഫാ. ജോസഫ് കക്കുഴിയിൽ | ,, | 11-09-2000 |
| ഫാ. വർഗീസ് മൊതകുന്നേൽ | ,, | 13-09-2007 |
| ഫാ. ഐസക് കപ്യാരുമലയിൽ | ,, | 14-09-2005 |
| ഫാ. സെബാസ്റ്റ്യൻ മഠത്തിനാൽ | ,, | 17-09-1999 |

| | | |
|---|---|---|
| ഫാ. വർഗീസ് മണിയാട്ട് | ,, | 17-09-1977 |
| ഫാ. ജോൺ വള്ളമറ്റം | ,, | 19-09-2005 |
| ഫാ. അഗസ്റ്റിൻ നന്ദലത്ത് | ,, | 22-09-2013 |
| ഫാ. പീറ്റർ കിഴക്കേടത്ത് | ,, | 22-09-2016 |
| ഫാ. സിറിയക് താഴത്തുവീട്ടിൽ | ,, | 23-09-2012 |
| ഫാ. മാത്യു വെളിയപ്പിള്ളി | ,, | 24-09-1998 |
| ഫാ. സഖറിയാസ് തുടിയൻപ്ലാക്കൽ | ,, | 27-09-2017 |
| ഫാ. പൗലോസ് കാക്കനാട്ട് | ,, | 29-09-1975 |

# നിര്യാതരായി

## സി. മേരി CSN (വടക്കേമണിയാട്ട്)

| | | |
|---|---|---|
| ഇടവക | - | ആരക്കുഴ |
| ജനനം | - | 04-02-1929 |
| ആദ്യവ്രതം | - | 19-03-1953 |
| നിത്യവ്രതം | - | 17-03-1958 |
| മരണം | - | 02-07-2021 |
| മൃതസംസ്കാരം | - | 03-07-2021 (രാമല്ലൂർ) |

## സി. ഗിൽബർട്ട് CMC (പുൽപറമ്പിൽ)

| | | |
|---|---|---|
| ഇടവക | - | വാഴക്കാല |
| ജനനം | - | 11-01-1943 |
| ആദ്യവ്രതം | - | 15-04-1965 |
| നിത്യവ്രതം | - | 30-05-1969 |
| മരണം | - | 11-07-2021 |
| മൃതസംസ്കാരം | - | 12-07-2021 (വാഴക്കുളം മഠം) |



വാഴപ്പിള്ളി പ്രീസ്റ്റ് ഹോമിനോടനുബന്ധിച്ച്
പുതുതായി നിർമ്മിച്ച കെട്ടിടത്തിന്റെ വെഞ്ചരിപ്പ്




നിർമ്മല സിവിൽ സർവീസ് അക്കാദമിയുടെ
ഉദ്ഘാടനം

Deivarajyam August 2021


●R.N.7623/63

Registered No. KL/ALY/0020/2020-2022

Date of publication: 1/8/2021


●Posted at Thodupuzha Stg.

Annual Subscription ₹ 100.00



വൈദികരുടെ മദ്ധ്യസ്ഥനായ വി. ജോൺ മരിയ വിയാനി
വൈദികർക്കുവേണ്ടി പ്രാർത്ഥിക്കണമേ.


Transfiguration




St Dominic



St Clara


St Maximillian Kolbe


St Pius X



St Bartholomew


St Augustine


St Euphrasia

Printed at Sanjo Offset Press, Kothamangalam
Printer & Publisher Rev. Dr. George Thekkekara
Bishop's House, Kothamangalam - 686 691